കേരള സർക്കാർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# എടത്തല ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്

എറണാകുളം

e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇ.കെ.എം.(പി5)2205 /18

സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം ജില്ല
സിവിൽസ്റ്റേഷൻ, കാക്കനാട്.
തീയതി.15/12/2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്,
എടത്തല ഗ്രാമ പഞ്ചായത്ത് (സെക്രട്ടറി മുഖേന)

സർ,

വിഷയം:- എടത്തല ഗ്രാമപഞ്ചായത്ത് – 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നു.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടത്തല ഗ്രാമപഞ്ചായത്തിന്റെ 2017-18 ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലേയ്ക്കും 3 ലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. [1997ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15].

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്</u> :

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം ജില്ല.
3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.ഇ.കെ.എം.(പി5)2205/18

സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം ജില്ല
തീയതി.15/12/2018

## എറണാകുളം ജില്ലയിലെ എടത്തല ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ എടത്തല ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 01.04.2017 മുതൽ 31.03.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി. ജയ സി.ആർ.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15.10.2018 മുതൽ 31.10.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ഷേർളി പീറ്റർ<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീ.പ്രസാദ്.പി.ജി.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. നവാസ്.സി.എം<br>ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| സ്ഥാനപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.സാജിത അബ്ബാസ് | 01.04.2017 മുതൽ<br>31.03.2018വരെ |

സെക്രട്ടറി

| പേര് | കാലയളവ് |
|---|---|
| ശ്രീമതി. സീന പി വി | 01.04.2017 മുതൽ<br>27.06.2017 വരെ |
| ശ്രീ. ജിജിമോൻ എം.ടി.<br>(ഇൻ ചാർജ്ജ്) | 28.06.2017 മുതൽ 01.08.2017 വരെ |
| ശ്രീമതി. ദീപാകുമാരി എം.കെ.<br>(ഇൻ ചാർജ്ജ്) | 02.08.2017 മുതൽ 03.08.2017 വരെ |
| ശ്രീമതി. സിന്ധു.വി | 04.08.2017 മുതൽ 14.09.2017 വരെ |
| ശ്രീ. സുധർലാൽ എൻ.എസ്.<br>(ഇൻ ചാർജ്ജ്) | 15.09.2017 മുതൽ 08.11.2017 വരെ |
| ശ്രീമതി. ജയകുമാരി എം.ആർ. | 09.11.2017 മുതൽ 31.03.2018വരെ |

നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.കെ.എച്ച്.റുബീന | 01.04.2017 | 16.06.2017 |
| | ശ്രീ ജിജിമോൻ എം.ടി. | 17.06.2017 | 01.08.2017 |
| | ശ്രീമതി. ദീപാകുമാരി എം.കെ. | 02.08.2017 | 03.08.2017 |
| | ശ്രീമതി. മിനി.ടി.പി | 04.08.2017 | 06.08.2017 |
| | ശ്രീ സുധർലാൽ എൻ എസ് | 07.08.2017 | 31.03.2018 |
| മെഡിക്കൽ ഓഫീസർ(അലോപ്പതി) | ഡോ.അഞ്ജു അലക്സ് | 01.04.2017 | 31.03.2018 |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി വിനില സി.വി. | 01.04.2017 | 31.12.2017 |
| | ശ്രീമതി ആൻസി സെബാസ്റ്റ്യൻ കെ. | 01.01.2018 | 31.03.2018 |
| കൃഷി ഓഫീസർ | ശ്രീ വി.പി. സുധീശൻ | 01.04.2017 | 31.10.2017 |
| | ശ്രീമതി ലത | 01.11.2017 | 31.03.2018 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ദീപ്തി ജോസഫ് | 01.04.2017 | 31.03.2018 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സ്മിത റാണി | 01.04.2017 | 31.03.2018 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ സ്റ്റീഫൻ കെ.കെ. | 01.04.2017 | 09.11.2017 |
| | ശ്രീ യൂസഫ് | 10.11.2017 | 31.03.2018 |
| വെറ്ററിനറി സർജ്ജൻ | ഡോ.ഷഹർബാൻ ഷാ | 01.04.2017 | 31.03.2018 |
| ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീമതി ഷിജി | 01.04.2017 | 11.07.2017 |
| | ശ്രീമതി ഉമ്മു ഹബീബ | 12.07.2017 | 23.07.2017 |
| | ശ്രീമതി എലിസബത്ത് ജോർജ്ജ് | 24.07.2017 | 13.10.2017 |
| | ശ്രീമതി ഉമ്മു ഹബീബ | 14.10.2017 | 31.03.2018 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(എടത്തല) | ശ്രീ മനോജ് ടി.ആർ. | 01.04.2017 | 31.03.2018 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(കുഴിവേലിപ്പടി) | ശ്രീ അരുൺകുമാർ എൻ.കെ. | 01.04.2017 | 31.03.2018 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നം |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | ലൈസൻസ് നൽകൽ - അപാകതകൾ | 2-1 |
| 14 | തൊഴിൽ നികുതി പിരിക്കുന്നതിൽ - അപാകതകൾ | 2-2 |

| | | |
|---|---|---|
| 15 | കെട്ടിട നിർമ്മാണ പെർമിറ്റ് നൽകൽ - അപാകതകൾ | 2-3 |
| 16 | വസ്തു നികുതി നിർണ്ണയവും രേഖകളുടെ പരിപാലനവും - അപാകതകൾ | 2-4 |
| 17 | പഞ്ചായത്ത് വക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ നിന്നും വാടക ഈടാക്കുന്നില്ല. | 2-5 |
| 18 | റിലയൻസ് ജിയോ റോഡ് കട്ടിംഗ് അനുമതി- വരുമാന നഷ്ടം | 2-6 |
| | ഭാഗം – 3 | |
| 19 | തെരുവു വിളക്ക് പരിപാലനം-അപാകതകൾ | 3-1 |
| 20 | സർക്കാർ വിഭാവനം ചെയ്യുന്ന സബ്സിഡി/ധനസഹായം പൂർണ്ണമായ തോതിൽ നൽകുന്നില്ല | 3-2 |
| 21 | വക്കീൽ ഫീസ് നൽകിയപ്പോൾ നിയമാനുസൃതമായ ആദായനികുതി ഈടാക്കിയില്ല- രൂ. 22950നഷ്ടം | 3-3 |
| 22 | തടിയുടെ വിനിയോഗം സംബന്ധിച്ച വിവരം ലഭ്യമാക്കണം | 3-4 |
| 23 | പൊതു ടാപ്പുകൾ- വെള്ളക്കരം അടവാക്കുന്നത് ടാപ്പുകളുടെ കൃത്യമായ കണക്കില്ലാതെ | 3-5 |
| 24 | മഴക്കാലപൂർവ്വശുചീകരണം-ചെലവു രേഖകൾ ഹാജരാക്കിയില്ല. | 3-6 |
| 25 | ഗുണഭോക്തൃവിഹിതം -വിനിയോഗ വിവരം ലഭ്യമാക്കണം | 3-7 |
| 26 | ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ- പ്രവൃത്തി പൂർത്തിയാക്കിയില്ല | 3-8 |
| 27 | സൗരോർജ്ജ പാനൽ സ്ഥാപിക്കൽ | 3-9 |
| 28 | ദുരിതാശ്വാസ നിധി | 3-10 |
| 29 | അടിയന്തിര സ്വഭാവമുള്ള പ്രവൃത്തികൾ നടപ്പിലാക്കിയില്ല | 3-11 |
| 30 | അങ്കണവാടികളുടെ പ്രവർത്തനം | 3-12 |
| 31 | പദ്ധതി ആസൂത്രണം- അവലോകനം | 3-13 |
| | ഭാഗം 4 | |
| 32 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 33 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 35 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 36 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 37 | ഓഡിറ്റ് റിക്കവറി | 4-6 |
| 38 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 41 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം1 |
| 42 | ബാലൻസ് ഷീറ്റ് | അനുബന്ധം2 |
| 43 | ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് | |
| 44 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |


.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

24.3.2017 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.7.2018 | 05.07.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 21.6.2018 & 22.6.2018 | കെ.എസ്.എ.-ഇ.കെ.എം(പി.ജി)1786(17)/2018 തീയതി 29.08.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 39482207 |
| വരവ് | 89801713 |
| ആകെ | 129283920 |
| ചെലവ് | 93790103 |
| നീക്കിയിരിപ്പ് | 35493817 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുൻ ബാക്കി | വരവ് (അലോട്ട്മെന്റ്) | ആകെ | ചെലവ് | ലാപ്സായ തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| വികസനഫണ്ട് - ജനറൽ | | 0 | 21182863 | 21182863 | 15635576 | 5547287 | |
| വികസനഫണ്ട്-എസ്.സി.പി. | | 0 | 11437838 | 11437838 | 7573094 | 3864744 | |
| വികസനഫണ്ട് - ടി.എസ്.പി. | | 0 | 314872 | 314872 | 229350 | 85522 | |
| സംരക്ഷണഗ്രാന്റ്-റോഡ് | | 0 | 10149901 | 10149901 | 8580034 | 1569867 | |
| സംരക്ഷണഗ്രാന്റ്-നോൺ റോഡ് | | 0 | 4068000 | 4068000 | 3489699 | 578301 | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 0 | 15854454 | 15854454 | 8111138 | 7743316 | |
| ലോകബാങ്ക് ധനസഹായം | | 0 | 0 | 0 | 0 | 0 | |
| സാക്ഷരത | | 37365 | 0 | 37365 | 0 | 0 | 37365 |
| ദുരിതാശ്വാസനിധി | | 1732 | 69 | 1801 | 0 | 0 | 1801 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിൽ കൂലി | 0 | 11907355 | 11907355 | 11907355 | 0 | 0 |
| | അഡ്മിനിസ്ട്രേഷൻ ചെലവ് | 21571 | 802471 | 824042 | 821766 | 0 | 2276 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ-അംഗൻവാടി പൂരക പോഷകാഹാരം | | 202676 | 1795976 | 1998152 | 288753 | 0 | 1709899 |

| | | | | | | | |
|---|---|---|---|---|---|---|---|
| ജോയിന്റ് വെഞ്ചർ | ബ്ലോക്ക് പഞ്ചായത്ത് | 0 | 441420 | 441420 | 145250 | 0 | 296170 |
| | ജില്ലാ പഞ്ചായത്ത് | 0 | 350000 | 350000 | 350000 | 0 | 0 |
| ബി ഫണ്ട് | | 0 | 302800 | 302800 | 302800 | 0 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 23672969 | 28701965 | 52374934 | 18572852 | 0 | 33802082 |
| | ട്രഷറി അക്കൗണ്ട്* | 13319034 | 14149497 | 27468531 | 27385523 | 0 | 83008 |
| മറ്റിനം – സാനിറ്റേഷൻ | | 1288 | 52 | 1340 | 0 | 0 | 1340 |
| വി പി എഫ് എ III-6 | | 1285500 | 64275 | 1349775 | 80000 | 0 | 1269775 |

* ജനറൽ പർപ്പസ് ഗ്രാന്റ് ഉൾപ്പെടെ

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 218 | 120752160 | 140 | 51720953 | 70 | 8 | 64 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണം, അംഗീകാരം, പദ്ധതി നിർവ്വഹണം, പുരോഗതി രേഖപ്പെടുത്തൽ എന്നിവ സുലേഖ സോഫ്റ്റ്‌വെയറിലാണ് ചെയ്തുവരുന്നത്. എന്നാൽ 2017-18 വാർഷിക പദ്ധതിയിലെ എല്ലാ ചെലവു വിവരങ്ങളും ഇതിൽ ചേർത്തുകാണുന്നില്ല. വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്നതിനും പദ്ധതി വിശദാംശങ്ങൾ അറിയുന്നതിനും ആധാരമാകുന്ന പ്രധാനപ്പെട്ട സോഫ്റ്റ്‌വെയറാണിത്. തൻവർഷത്തെ ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ നിന്നുള്ള ചെലവുകൾ, പദ്ധതിയിലുൾപ്പെടുത്തിയ തനതുഫണ്ടിൽ നിന്നുള്ള ചെലവുകൾ, എന്നിവ സുലേഖ സോഫ്റ്റ്‌വെയറിൽ യഥാസമയം അപ്ഡേറ്റ് ചെയ്തിട്ടില്ല. ഇക്കാരണത്താൽ സുലേഖയിൽ നിന്നുള്ള പദ്ധതിച്ചെലവ് റിപ്പോർട്ട് ആകെ പദ്ധതിച്ചെലവിന്റെ കൃത്യമായ വിവരം നൽകുന്നില്ല. സുലേഖയിലെ കണക്കിൽ വരാത്തതും എന്നാൽ തുക ചെലവഴിച്ചിട്ടുള്ളതുമായ ഏതാനും പദ്ധതി വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി നം, പേര് | ഇനം | അടങ്കൽ തുക | ചെലവഴിച്ച തുക | ചെക്ക്/വൗച്ചർ നം, തീയതി |
|---|---|---|---|---|---|
| 1 | 116, നെൽകൃഷി വികസനം | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 51000 | 51000 | 8491044/24.03.2018 |
| 2 | 196, ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 150000 | 150000 | 3689803/20.03.18 |
| 3 | 96, ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | ജില്ലാ പഞ്ചായത്ത് വിഹിതം | 350000 | 350000 | 3689804/24.03.18 |
| 4 | 224-സ്ട്രീറ്റ് ലൈൻ വലിക്കൽ | തനതുഫണ്ട് | 50000 | 46060 | 21708754/05.03.18 |
| 5 | 166-തെരുവു വിളക്കുപരിപാലനം | തനതുഫണ്ട് | 1000000 | 529866 | 75002/23.05.17 |
| | | | | 381569 | 70769/24.06.17 |

| | | | | | |
|---|---|---|---|---|---|
| 6 | 170-തെരുവ് വിളക്ക പരിപാലനം | തനതുഫണ്ട് | 1000000 | 495200 | 70158/23.10.17 |

ഗ്രാമപഞ്ചായത്തിന്റെ വികസന, ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പാക്കുന്നതിൽ വിവിധ നിർവ്വഹണോദ്യോഗസ്ഥർ കൈവരിച്ച നേട്ടത്തിന്റെ വിശകലനം ഇതോടൊപ്പം ചേർക്കുന്നു(ലഭ്യമാക്കിയ സുലേഖ ചെലവു റിപ്പോർട്ട് പ്രകാരം).

| നിർവഹണ ഉദ്യോഗ സ്ഥന്റെ വിവരം | ഏറ്റെടുത്ത പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 49 | 29 | 31726377 | 5365036 | 16.9% |
| അസി. സെക്രട്ടറി | 21 | 19 | 10468000 | 4896273 | 46.8% |
| അസി.എഞ്ചിനീയർ | 84 | 81 | 37299000 | 23447246 | 62.86% |
| കൃഷി ഓഫീസർ | 14 | 11 | 4829906 | 1976221 | 40.91% |
| വെറ്റിനറി സർജൻ | 5 | 5 | 2342920 | 820225 | 35% |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 4 | 2 | 980000 | 614000 | 62.65% |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 2 | 2 | 800000 | 800000 | 100% |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 2 | 500000 | 500000 | 100% |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 269250 | 269250 | 100% |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 17 | 14 | 10769107 | 8708365 | 80.86% |
| വി.ഇ.ഒ. | 19 | 11 | 20767600 | 4324336 | 20.82% |

ആസൂത്രണ പ്രക്രിയയിലൂടെ പ്രാദേശിക സാമ്പത്തിക വികസനവും സാമൂഹ്യ സുരക്ഷയുമാണ് ജനകീയാസൂത്രണം രണ്ടാം ഘട്ടം ലക്ഷ്യമിടുന്നത്. നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളിൽ നിന്ന് വ്യത്യസ്തമായി ഈ ലക്ഷ്യം മുൻ നിർത്തി പദ്ധതികൾ ആവിഷ്കരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഫണ്ട് ലഭിക്കുമെന്നുറപ്പില്ലാതെ ഉയർന്ന അടങ്കൽ തുകയിൽ പദ്ധതികൾ ആവിഷ്കരിച്ചതിനാൽ മിക്ക നിർവ്വഹണോദ്യോഗസ്ഥരുടേയും ചെലവു ശതമാനം കുറവാണ്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 21571 | 802471 | 824042 | 821766 | 2276 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 11907355 | 11907355 | 11907355 | 0 |
| ആകെ | 21571 | 12709826 | 12731397 | 12729121 | 2276 |

.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 22800 | 38 |
| കർഷകതൊഴിലാളി പെൻഷൻ | 4494400 | 381 |
| വിധവാപെൻഷൻ | 16634000 | 1383 |
| വാർദ്ധക്യകാലപെൻഷൻ | 26093400 | 2032 |
| വികലാംഗപെൻഷൻ | 5210500 | 455 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 322800 | 26 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 270000 | 9 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24/10/2018 3.15 പി.എം.ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. 27,719/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

(എ) വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ടെങ്കിലും, വിവിധ വിഭാഗങ്ങളിലെ ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നുണ്ടോയെന്ന് യാതൊരു മേൽനോട്ടവും ഓഫീസ് മേധാവി നടത്തുന്നില്ല. ഭരണപരമായ ഏകോപനത്തിന്റെ അഭാവം കമ്മറ്റി മിനിറ്റ്സ് സൂക്ഷിപ്പ് മുതൽ, തപാലുകളുടെ ഫയലിങ്, തീർപ്പാക്കൽ, വാർഷികകണക്ക് തയ്യാറാക്കൽ, ക്രമരഹിതമായി സൂക്ഷിക്കുന്ന വൗച്ചറുകൾ എന്നിവയിലെല്ലാം കാണാവുന്നതാണ്. കൃത്യമായ ഇടവേളകളിൽ സ്റ്റാഫ് മീറ്റിംഗ് നടത്തുക, ഓഫീസ് പ്രവർത്തനാവലോകനം നടത്തുക തുടങ്ങി ഓഫിസ് പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള യാതൊരു ശ്രമങ്ങളും നടത്തിയിട്ടില്ല. ജീവനക്കാരുടെ കൂടെക്കൂടെയുള്ള സ്ഥലം മാറ്റം ഓഫീസ് പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട്. തൻവർഷം മുതലാണ് ഫിക്സഡ് ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കിയിരിക്കുന്നത്. വിവിധ സ്റ്റാന്റിങ് കമ്മറ്റി രജിസ്റ്ററുകൾ പഴകി പേജുകൾ ദ്രവിച്ച അവസ്ഥയിലാണ്. എം.ഒ.പി. അനുസരിച്ച് ഫയലുകൾ ക്ലബ് ചെയ്യുക, ഫയൽ ചെയ്യുക എന്നിവ പാലിക്കുകയോ, പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുകയോ ചെയ്യുന്നില്ല. ഫയൽ ട്രാക്കിംഗ് 'സൂചിക' മുഖേനയും സാധ്യമല്ല. അതിനാൽ പൗരാവകാശരേഖ, സേവനാവകാശനിയമം അനുശാസിക്കുംവിധം ജനങ്ങൾക്ക് യഥാസമയം സേവനങ്ങൾ ലഭിക്കുന്നുണ്ടോയെന്നും വ്യക്തമല്ല.

നികുതിപിരിവിന്റെ കാര്യക്ഷമത വിലയിരുത്തി നികുതിപിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നില്ല, എന്നുമാത്രമല്ല 20-6-17ലെ 4-ാം നം തീരുമാനപ്രകാരം, കെട്ടിട നമ്പർ ഇല്ലാതെ പ്രവർത്തിക്കുന്ന നിരവധി വീടുകൾ, വ്യവസായ സ്ഥാപനങ്ങൾ, അൺഎയ്ഡഡ് സ്കൂളുകൾ, മിനി ഇന്റസ്ട്രീസ് എന്നിവ ഗ്രാമപഞ്ചായത്തിൽ ഉണ്ട് എന്ന് പഞ്ചായത്ത് കമ്മറ്റി തന്നെ രേഖപ്പെടുത്തിയതിൽ നിന്നും, ഗ്രാമപഞ്ചായത്തിന് ഉണ്ടാവുന്ന വരുമാന നഷ്ടം വ്യക്തമാണ്.

പഞ്ചായത്തിന് വേണ്ടി വിവിധ സാധന സാമഗ്രികൾ വാങ്ങുന്നതുമായി ബന്ധിപ്പെട്ട് പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മിറ്റികൾ രൂപികരിച്ചിട്ടുണ്ടെങ്കിലും പ്രോജക്ടുകളുമായി ബന്ധപ്പെട്ട വാങ്ങലുകൾ അതാത് നിർവ്വഹണോദ്യോഗസ്ഥർ സ്വതന്ത്രമായാണ് നടപ്പിലാക്കുന്നത്. ആസ്തി രജിസ്റ്ററിൽ റോഡുകളുടെ വിവരങ്ങൾ കാലികമാക്കി സൂക്ഷിക്കുന്നുണ്ട്. റോഡ് കണക്റ്റിവിറ്റി പ്ലാൻ, സോഷ്യൽ മാപ്പ് മുതലായവ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമല്ല.

രജിസ്റ്ററുകളുടെ പരിപാലനത്തിൽ താഴെപ്പറയുന്ന പോരായ്മകൾ കാണുന്നു.

1. ഫ്യുവൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2. കോടതി വ്യവഹാരങ്ങൾ സംബന്ധിച്ച വിവരങ്ങൾ സ്യൂട്ട് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും വക്കീൽ ഫീസ് നൽകുന്നതിന്റെ വിവരങ്ങൾ ടി രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുന്നില്ല.

3. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ 2018 ജനവരി, ഫെബ്രുവരി മാസങ്ങളിൽ നിർമ്മാണാനുമതി നൽകിയ കെട്ടിടങ്ങളുടെ വിസ്തീർണ്ണം ചേർത്തിട്ടില്ല.

4. സ്റ്റോക്ക് പരിശോധന ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ കാലാകാലങ്ങളിൽ നിർവ്വഹിക്കുന്നില്ല.

5. ചെക്ക്, ഡി.ഡി. രജിസ്റ്റർ സാക്ഷ്യപ്പെടുത്തുന്നില്ല.

കാര്യക്ഷമമല്ലാത്ത ഓഫീസ് ഭരണസംവിധാനം ഗ്രാമപഞ്ചായത്തിന്റെ ദൈനംദിനപ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട്.സ്റ്റിയറിംഗ് കമ്മറ്റി/ഓഫീസ് അവലോകന മീറ്റിംഗുകൾ കൃത്യമായ ഇടവേളകളിൽ നടത്തി നിലവിലെ സ്ഥിതിയിൽ നിന്ന് ഗുണപരമായ മാറ്റത്തിന് ശ്രമിക്കേണ്ടതാണ്.

(ബി) ഗ്രാമ പഞ്ചായത്തിൽ പ്രവർത്തന ഏകോപനം ഇല്ല.

ഗ്രാമ പഞ്ചായത്തിലെ രജിസ്റ്ററുകളുടെ പരിപാലനം, നികുതി പിരിവ്, വസ്തു നികുതി നിർണ്ണയം തുടങ്ങിയ പ്രധാന പ്രവർത്തനങ്ങളിൽ അപാകത ഉണ്ട്. ഗ്രാമ പഞ്ചായത്തിന്റെ സുഗമമായ പ്രവർത്തനത്തിന് അനിവാര്യമായ കമ്മിറ്റി സംവിധാനങ്ങൾ പോലും സമയബന്ധിതമായി യോഗം ചേരുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. കേരള പഞ്ചായത്ത് രാജ് ആക്ട്, 162–ബി വകുപ്പ് പ്രകാരം ഓരോ പഞ്ചായത്തിലും അതിന്റെ പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചെയർമാൻമാർ, എന്നിവർ അടങ്ങിയ ഒരു സ്റ്റിയറിംഗ് കമ്മിറ്റി ഉണ്ടായിരിക്കേണ്ടതും പ്രസിഡണ്ട് സ്റ്റിയറിംഗ് കമ്മിറ്റിയുടെ ചെയർമാൻ ആയിരിക്കുന്നതും ആണ്. സ്റ്റിയറിംഗ് കമ്മിറ്റി, സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും, പഞ്ചായത്ത് ഭരണസമിതി ചുമതലപ്പെടുത്തുന്ന മറ്റ് അധികാരങ്ങളും ചുമതലകളും നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്. എടത്തല ഗ്രാമ പഞ്ചായത്തിൽ 29-02-2016 തീയതിയിലാണ് അവസാനമായി സ്റ്റിയറിംഗ്കമ്മിറ്റി ചേർന്നിട്ടുള്ളത്. 2016-17, 2017-18 വർഷങ്ങളിൽ സ്റ്റിയറിംഗ് കമ്മിറ്റി യോഗം ചേരുകയോ കമ്മിറ്റിയിൽ അർപ്പിതമായ ചുമതലകൾ നിറവേറ്റുകയോ ചെയ്തിട്ടില്ല.

2. കേരള പഞ്ചായത്ത് രാജ് ആക്ട് 182 (IV) – (സെക്രട്ടറിയുടെ ചുമതലകൾ)വകുപ്പ് പ്രകാരം പ്രസിഡണ്ടിന്റെ പൊതുവായുള്ള മേൽനോട്ടത്തിലും നിയന്ത്രണത്തിനും വിധേയമായി പഞ്ചായത്തിന്റെ കീഴിൽ ജോലിയെടുക്കുന്ന ഉദ്യോഗസ്ഥൻമാരേയും ജീവനക്കാരേയും നിയന്ത്രിക്കേണ്ടതാണ് എന്ന് പറഞ്ഞിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ ജീവനക്കാരുടെ സ്റ്റാഫ് മീറ്റിംഗ് രജിസ്റ്റർ പരിശോധിച്ചതിൽ 2017-18 വർഷം ആകെ 2 സ്റ്റാഫ് മീറ്റിംഗ് മാത്രമാണ് ചേർന്നിട്ടുള്ളത്.(28-11-2017, 05-03-2018). ഓഫീസിലെ ജീവനക്കാരുടെ ഏകോപനത്തിന് സമയബന്ധിതമായ സ്റ്റാഫ് മീറ്റിംഗ് അനിവാര്യമാണ്.

നാളിതുവരെ സ്റ്റിയറിംഗ് കമ്മിറ്റി യോഗം ചേരാതിരിക്കുന്നതിന്റെയും, സ്റ്റാഫ് മീറ്റിംഗ് സമയബന്ധിതമായി ചേരാതിരുന്നതിന്റെയും കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 20 ന് ലഭ്യമാക്കിയ മറുപടിയിൽ യോഗങ്ങൾ ചേരുന്നതിനുള്ള അടിയന്തിര നടപടി കൈക്കൊള്ളുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.09.2018 | ആഗസ്റ്റ് 2018 | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.02.18 -26.02.18 | 2012-13 മുതൽ 2016-17 വരെ | 16.04.2018 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

1. കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റി എന്നിവിടങ്ങളിൽ നിക്ഷേപ പ്രവൃത്തികൾക്ക് നൽകുന്ന തുകകൾ വിനിയോഗ സാക്ഷ്യ പത്രം ലഭിക്കുന്നതിനു മുമ്പ് തന്നെ സ്ഥിരം ആസ്തികൾക്കുള്ള ശീർഷകത്തിൽ ചേർത്തിരിക്കുന്നു.

2. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുക അതാതു അക്കൗണ്ടിൽ നിന്നും ചെലവഴിക്കാതെ തനതുഫണ്ടിൽ നിന്നും ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു. ഇക്കാരണത്താൽ ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക യഥാർത്ഥത്തിലുള്ളതല്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ലൈസൻസ് നൽകൽ - അപാകതകൾ

എടത്തല ഗ്രാമപഞ്ചായത്തിൽ 2017-18 വർഷം 628 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട് (ലൈസൻസ് രജിസ്റ്റർ പേജ് 52). ലൈസൻസ് ഫയലുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

ലൈസൻസ് രജിസ്റ്റർ പരിപാലനം

1. പൗൾട്രി ഫാം രജിസ്റ്ററിൽ 2017-18 വർഷം പൗൾട്രി ഫാമുകൾക്ക് ലൈസൻസ് നൽകിയത് രേഖപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം പരിശോധിച്ചതിൽ കോഴി വളർത്തൽ എന്ന ഇനത്തിൽ ഉൾപ്പെടുത്തി കെട്ടിടങ്ങൾക്ക് നമ്പർ നൽകിയിട്ടുണ്ട്. എന്നാൽ ചുവടെ ചേർത്തിരിക്കുന്ന കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുള്ളതായി കാണുന്നില്ല. കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥന്റെ പേര് | തറ വിസ്തീർണ്ണം |
|---|---|---|---|
| 1 | 6/55/A | ഹാജിറ വടക്കേ തോലക്കര, എടത്തല | 132.88 ച.മീ. |
| 2 | 5/11 A | വി.എ.സുബൈർ, വടക്കേ തോലക്കര | 285.35 ച.മീ. |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 1 ന് ലഭ്യമാക്കിയ മറുപടിയിൽ 2017-18 വർഷങ്ങളിൽ ലൈസൻസ് ഫീസ് പിരിച്ചതായി അറിയിച്ചിട്ടുണ്ട്. എന്നാൽ ആയത് ബന്ധപ്പെട്ട രജിസ്റ്ററിൽ (2016-17 ലും) രേഖപ്പെടുത്താത്തത് ലൈസൻസ് സംബന്ധിച്ച തുടർ വർഷങ്ങളിലെ പിരിവിന് സഹായകമാവില്ലാത്തതിനാൽ ഈ വിഷയത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

2. പെട്രോൾ പമ്പുകളുടെ ലൈസൻസ് ഫീസ് വ്യത്യസ്ത നിരക്കിൽ പിരിക്കുന്നു.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ ആകെ 4 പെട്രോൾ പമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ നിന്നും ലൈസൻസ് ഫീസ്/തൊഴിൽ നികുതി ഈടാക്കിയതിൽ വ്യത്യാസം ഉണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് /ഡി&ഒ ലൈസൻസ് രജിസ്റ്റർ പേജ് | 2017-18 വർഷത്തേക്ക് ഈടാക്കിയ ലൈസൻസ് ഫീസ് /രസീത് നം /തുക |
|---|---|---|
| 1 | പ്രൈം ഫ്യുവൽസ്, കോമ്പാറ/92 | 4000/11606110372/ 28-02-2017 |
| 2 | യൂണിവേഴ്സൽ ഫ്യുവൽസ് | 2000/11606110398/ 28-02-2017 |
| 3 | കൃഷ്ണൻ നായർ സൺസ് ഫ്യുവൽസ് | 2000/-11606111539/ 21-03-2017 |
| 4 | മോളി & ബോബൻ ഏജൻസീസ് | 2000/-11606111946/ 27-03-2017 |

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം.13 ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

3. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടികൾ - കമ്മിറ്റി തീരുമാനം നടപ്പാക്കിയില്ല.

17-06-2017 ൽ കൂടിയ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിലെ തീരുമാനം 2(1) പ്രകാരം എടത്തല ഗ്രാമ പഞ്ചായത്തിൽ കെട്ടിട നമ്പർ ഇല്ലാതെ വ്യവസായ സ്ഥാപനങ്ങൾ, അൺ എയ്ഡഡ് സ്കൂളുകൾ, മിനി ഇൻഡസ്ട്രിയൽ സ്ഥാപനങ്ങൾ, നിലം നികത്തി വച്ചിരിക്കുന്ന വീടുകൾ എന്നിവ ധാരാളം ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കെട്ടിടങ്ങളിൽ നിന്നും പിഴ ഈടാക്കി കെട്ടിടം റഗുലറൈസേഷൻ നടത്തി കെട്ടിട നമ്പർ നൽകി വസ്തു നികുതി ഈടാക്കുന്നതിന് ആവശ്യമായ സ്പഷ്ടീകരണം ലഭിക്കുന്നതിന് സർക്കാരിനോട് അഭ്യർത്ഥിക്കുവാൻ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയോട് ശുപാർശ ചെയ്ത് തീരുമാനിച്ചിട്ടുണ്ട്. ആയത് 20-06-2017 ലെ ഗ്രാമ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട് (തീരുമാനം 4). മേൽ വിവരിച്ചതിൽ നിന്നും ഗ്രാമ പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെയും ധാരാളം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്ന് മനസ്സിലാകുന്നു. മേൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ഗ്രാമ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം സ്വീകരിച്ച തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ കമ്മിറ്റി തീരുമാനം എടുത്തതല്ലാതെ മേൽ വിഷയത്തിൽ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല എന്ന് മനസ്സിലാക്കുന്നു. ഗൗരവമേറിയ പ്രസ്തുത

വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ ഓഡിറ്റ് നിർദ്ദേശിക്കുന്നു.

## 2-2 തൊഴിൽ നികുതി പിരിക്കുന്നതിൽ - അപാകതകൾ

തൊഴിൽ നികുതി സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന നിരവധി സ്ഥാപനങ്ങളുടേയും അവിടെ പ്രവർത്തിയെടുക്കുന്ന ജീവനക്കാരുടേയും തൊഴിൽ നികുതി പിരിക്കുന്നതിൽ ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് വീഴ്ചയുണ്ടായതായി ബോധ്യപ്പെട്ടു. തൊഴിൽ നികുതി നിർണ്ണയത്തിലും പിരിക്കുന്നതിലും കണ്ടെത്തിയ പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഓഡിറ്റോറിയങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഓഡിറ്റോറിയങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഓഡിറ്റോറിയം/ അസംബ്ളി കെട്ടിടം എന്നീ ഫംങ്ഷണറികളിൽ ഉൾപ്പെട്ട 33 സ്ഥാപനങ്ങൾ ഉണ്ട് എന്ന് വ്യക്തമാകുന്നു. പ്രസ്തുത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി തൊഴിൽ നികുതി പിരിച്ചെടുക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. സ്വകാര്യ ആശുപത്രികൾ/പാരാമെഡിക്കൽ രജിസ്ട്രേഷൻ രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | സ്ഥാപന ഉടമ / നടത്തിപ്പുകാരന്റെ പേര് | രജിസ്ട്രേഷൻ ഫീസ് അടച്ചതിന്റെ വിവരം |
|---|---|---|---|
| 1 | ഐശ്വര്യ ഹോസ്പിറ്റൽ | ഡോ.ബേബി കൃഷ്ണൻ | 200/- 100935/19-04-2017 |
| 2 | ബയോമി ഡയഗനോസ്റ്റിക് സെന്റർ | സനീഷ് എസ്. | 200/- തുക അടച്ചതിന്റെ വിവരം ഇല്ല. |
| 3 | എടത്തല സർവ്വീസ് സഹകരണ ബാങ്ക് | സെക്രട്ടറി | 200/- തുക അടച്ചതിന്റെ വിവരം ഇല്ല. |
| 4 | എടത്തല കോ-ഓപ്പറേറ്റീവ് മെഡിക്കൽ ലബോറട്ടറി | സെക്രട്ടറി | 200/110083-2701-2018 |

മേൽ വിവരിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.4)ലഭ്യമാക്കിയ മറുപടിയിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നോട്ടീസ് നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

3. കരാറുകാരിൽ നിന്നും തൊഴിൽ നികുതി പിരിക്കുന്നില്ല.

അസി. എഞ്ചിനീയർ, എൽ.എസ്.ജി.ഡി. സമർപ്പിച്ച ലിസ്റ്റ് പ്രകാരം 18 കരാറുകാർ വിവിധ കരാർ ജോലികൾ ഗ്രാമ പഞ്ചായത്ത് പരിധിയിൽ ചെയ്ത് വരുന്നുണ്ട്. ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. പ്രസ്തുത കരാറുകാരിൽ ഓഡിറ്റ് വർഷം തുക നൽകിയവരിൽ നിന്നും വരുമാന അടിസ്ഥാനത്തിൽ തൊഴിൽ നികുതി പിരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് പരിധിയിലെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി പിരിച്ചത് സംബന്ധിച്ച് വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 8 ന് ലഭ്യമാക്കിയ മറുപടിയിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്.

| ക്രമ നം | ബാങ്കിന്റെ പേര് |
|---|---|
| 1 | എസ്.ബി.ഐ., പൂക്കാട്ടുപടി |
| 2 | എടത്തല സർവ്വീസ് സഹകരണ ബാങ്ക്. |

| | |
|---|---|
| 3 | ഫെഡറൽ ബാങ്ക്, ചൂണ്ടി. |

മേൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി പിരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

5. താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഓഡിറ്റ് വർഷത്തെ തൊഴിൽ നികുതി പിരിച്ചിട്ടില്ല

| ക്രമ നം | സ്ഥാപ നത്തിന്റെ പേര് | തുക പിരിക്കാ ത്ത അർദ്ധ വർഷം | മുൻ അർദ്ധ വർഷം തുക അടച്ചതിന്റെ വിവരം - തുക | രസീത് നം / തീയതി | തൊഴിൽ നികുതി രജിസ്റ്റർ പേജ് |
|---|---|---|---|---|---|
| 1 | ശ്രേയസ് എനർജി & പ്രോജക്ട്സ് | 2017-18 രണ്ടാം അർദ്ധ വർഷം | 2017-18 ഒന്നാം അർദ്ധ വർഷം – 540/- | 117060104664 /11-08-2017 | 3 |
| 2 | കൊശമറ്റം ഫിനാൻസ് ലി. | 2017-18 രണ്ടാം അർദ്ധ വർഷം | 2017-18 ഒന്നാം അർദ്ധ വർഷം -1650/- | 11706205200/ 30-08-2017 | 35 |
| 3 | ഡി.എച്ച്.എൽ. സപ്ളെ ചെയിൻ ഇന്ത്യ പ്രൈ.ലി. | 2017-18 രണ്ടാം അർദ്ധ വർഷം | 2017-18 ഒന്നാം അർദ്ധ വർഷം 4250/- | 117060500064/ 19-09-2017 | 43 |
| 4 | ഫിൽവീർ എഞ്ചിനീയേഴ്സ് ലി. | 2017-18 രണ്ടാം അർദ്ധ വർഷം | 2017-18 ഒന്നാം അർദ്ധ വർഷം 1050/- | 117060105771/ 22-09-2017 | 43 |
| 5 | പ്രൈമ ബിവറേജസ് പ്രൈ.ലി. | 2017-18 ഒന്നാം അർദ്ധ വർഷം | 2017-18 രണ്ടാം അർദ്ധ വർഷം 3430/- | 117060113145/ 28-03-2018 | 72 |
| 6 | ആലമ്പിള്ളി ബ്രദേഴ്സ് ലി. | 2017-18 ഒന്നാം അർദ്ധ വർഷം | 2017-18 രണ്ടാം അർദ്ധ വർഷം 14460/- | 1170610113104/ 27-03-2018 | 76 |
| 7 | സഫാ പ്ളൈവുഡ്സ് | 2017-18 ഒന്നാം അർദ്ധ വർഷം | 2017-18 രണ്ടാം അർദ്ധ വർഷം 5520/- | 117060111553/ 28-02-2018 | 78 |
| 8 | തഖ്ദീസ് ഹോസ്പിറ്റൽ | 2017-18 ഒന്നാം അർദ്ധ വർഷം | 2017-18 രണ്ടാം അർദ്ധ വർഷം 6300/- | 117060112694 /21-03-2018 | 80,81 (ഹോസ്പിറ്റലിൽ പ്രവർത്തിയെടുക്കുന്ന ഡോക്ടർമാരുടെ തൊഴിൽ നികുതിയും അടച്ചിട്ടില്ല) |
| 9 | എം.ഇ.എസ്. ട്രെയിനിംഗ് കോളജ് | 2017-18 രണ്ടാം അർദ്ധ വർഷം | 2017-18 ഒന്നാം അർദ്ധ വർഷം 5610/- | 117060112631/ 20-03-2018 | 80 |
| 10 | സ്വാമി ഗോപാലന്ദ തീർത്ഥ സരസ്വതി വിദ്യാനികേതൻ | 2017-18 ഒന്നാം അർദ്ധ വർഷം | 2017-18 രണ്ടാം അർദ്ധ വർഷം 6300/- | 117060112694/ 21-03-2018 | 81 |

| | |
|---|---|
| ഒന്നാം അർദ്ധ വർഷം പിരിക്കാത്തത് - 36010/-<br>രണ്ടാം അർദ്ധ വർഷം പിരിക്കാത്തത് - 13100/- | ആകെ - 49110/- |

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം തൊഴിൽ നികുതി പിരിക്കുകയും, എന്നാൽ തൊട്ടടുത്ത അർദ്ധ വർഷത്തെ നികുതി പിരിക്കാതിരിക്കുകയും ചെയ്തത് തൊഴിൽ നികുതി പിരിവിലെ അപാകതയാണ്. ആയതിനാൽ ഇപ്രകാരം പിരിക്കുന്നതിൽ കുറവ് വന്ന തുക ബന്ധപ്പെട്ട സ്ഥാപന ഉടമയിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (എൻക്വയറി 8)

6. സ്കൂളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിസരത്ത് തന്നെ പ്രവർത്തിക്കുന്ന വിമല ഹൃദയ ഇ.എം.യു.പി.സ്കൂൾ (അൺ എയ്ഡഡ് സ്കൂൾ) (എട്ടേക്കർ പള്ളിക്ക് സമീപം) എന്ന സ്ഥാപനത്തിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി പിരിച്ചിട്ടില്ല. പഞ്ചായത്തിന്റെ അടുത്ത് തന്നെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നു പോലും തൊഴിൽ നികുതി പിരിച്ചിട്ടില്ല എന്നത് ഗ്രാമപഞ്ചായത്തിന് വരുമാന ചോർച്ച ഉണ്ടാക്കുന്നതാണ്. (എൻക്വയറി 8)

7. ക്ഷീര സംഘങ്ങളുടെ തൊഴിൽ നികുതി പിരിച്ചിട്ടില്ല.

ഡയറി ഫാം ഇസ്പെക്ടറുടെ പ്രൊജക്റ്റ് ഫയൽ പ്രകാരം എടത്തല ഗ്രാമ പഞ്ചായത്ത് പരിധിയിൽ 3 ക്ഷീര സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം മേൽ ക്ഷീരോല്പാദക സഹകരണ സംഘങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ പിരിച്ചിട്ടില്ല.

| ക്രമ നം | ക്ഷീര സംഘങ്ങളുടെ പേര് |
|---|---|
| 1 | എടത്തല ക്ഷീരോല്പാദക സഹകരണ സംഘം ലി. നം. ഇ 107(ഡി)APCOS |
| 2 | മുകളാർകുടി ക്ഷീരോല്പാദക സഹകരണ സംഘം ലി. നം. ഇ 332(ഡി) APCOS |
| 3 | നൊച്ചിമ ക്ഷീരോല്പാദക സഹകരണ സംഘം ലി.നം. ഇ 237(ഡി) APCOS |

ഓഡിറ്റ് എൻക്വയറി നം. 12 ന് ലഭ്യമാക്കിയ മറുപടിയിൽ ക്ഷീരോല്പാദക സഹകരണ സംഘങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

8. തൊഴിൽ നികുതി പിരിച്ചതിൽ കുറവ് .

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന യൂണിവേഴ്സൽ ഫുവൽസ് എന്ന സ്ഥാപനത്തിന്റെ സ്ഥാപന തൊഴിൽ നികുതി പിരിച്ചതിൽ കുറവുണ്ട്.

| സ്ഥാപനത്തിന്റെ പേര് | 2017-18 വർഷം പിരിച്ച തൊഴിൽ നികുതി (രണ്ട് അർദ്ധ വർഷവും ) | രസീത് നം/തീയതി | കുറവ് |
|---|---|---|---|
| യൂണിവേഴ്സൽ ഫുവൽസ് | 2000/- | 11606110377/28-02-2017 | 500/- |

കുറവ് വന്ന തൊഴിൽ നികുതി, 500/- ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നോ, ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 13)

9. ജീവനക്കാരുടെ തൊഴിൽ നികുതി പിരിച്ചിട്ടില്ല.

2017-18 വർഷം എടത്തല ഗ്രാമ പഞ്ചായത്തിൽ ആകെ 628 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ അപേക്ഷ പ്രകാരം ഈ സ്ഥാപനങ്ങളിൽ അനേകം ജീവനക്കാർ പ്രവൃത്തിയെടുക്കുന്നതായി വ്യക്തമാകുന്നു. തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഡി&ഒ ലൈസൻസ് നം /രജിസ്റ്റർ പേജ് | ഡി&ഒ അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | ഒറിയോൺ പ്ലൈവുഡ് ഇൻഡസ്ട്രീസ് | 1/57 | 10 |
| 2 | ഇലഞ്ഞിക്കൽ ഫുഡ് & ബിവറേജസ് | 2/57 | 15 |
| 3 | യു-ടെക് മിനറൽസ് &ബിവറേജസ് | 3/57 | 9 |

| | | | |
|---|---|---|---|
| 4 | രാജഗിരി ഹോസ്പിറ്റൽ ക്യാന്റീൻ | 5/57 | 42 |

മേൽ വിവരങ്ങൾ രേഖപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറി നം. 13 ന് ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ നികുതി പിരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി പിരിച്ചെടുക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

10. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള (നം.V/119-A) കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അമൃതം ഫുഡ് സപ്ളിമെന്റ് എന്ന സ്ഥാപനത്തിന്റെ ലൈസൻസിന് സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിൽ ടി സ്ഥാപനത്തിൽ 9 ജീവനക്കാർ പ്രവൃത്തിയെടുക്കുന്നുണ്ട്.

| ലൈസൻസ് നം | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് അപേക്ഷ പ്രകാരം ആകെ ജീവനക്കാരുടെ എണ്ണം. |
|---|---|---|
| 539 | പ്രസിഡണ്ട്, അമൃതം ഫുഡ് സപ്ളിമെന്റ് | 9 |

പ്രസ്തുത സ്ഥാപനത്തിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി പിരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി-19) ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

11. ലൈസൻസ് നം. 505- സെക്രട്ടറി എടത്തല സർവ്വീസ് സഹകരണ ബാങ്ക് - രാസ ജൈവ വളങ്ങൾ സ്റ്റോക്ക് ചെയ്ത് വിൽപ്പന നടത്തുന്നതിന് - എന്ന ആവശ്യത്തിലേക്കായി ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ടി സ്ഥാപനത്തിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. നോട്ടീസ് നൽകി നികുതി പിരിച്ചെടുക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

12. രജിസ്റ്റർ പരിപാലനം -അപാകതകൾ

ട്രേഡേഴ്സ് ലിസ്റ്റ് എഴുതി സൂക്ഷിക്കുന്നില്ല.

തൊഴിൽ നികുതി രജിസ്റ്ററിൽ ജീവനക്കാരുടെ വരുമാന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ചില പേജുകളിൽ രസീത് നമ്പറും തുകയും മാത്രം രേഖപ്പെടുത്തികണ്ടു.

രജിസ്റ്ററുകൾ പരിപാലിക്കുന്നതിൽ വേണ്ട ശ്രദ്ധ കൊടുക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(1)പ്രകാരം നിർണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങൾക്ക് വിധേയമായി തൊഴിൽ നികുതി ഓരോ ഗ്രാമ പഞ്ചായത്ത് പ്രദേശത്തും ഓരോ അർദ്ധ വർഷവും – ആ പഞ്ചായത്ത് പ്രദേശത്ത് ആ അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടേയും ആകെ കൂടി 60 ദിവസത്തിൽ കുറയാതെ ആ പഞ്ചായത്ത പ്രദേശത്ത് താമസിച്ച് കൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ, ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ അഥവാ ആകെ കൂടി 60 ദിവസത്തിൽ കുറയാതെ ആ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുകയും മുതൽ മുടക്കിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നവനോ ആയ ഏതൊരാളുടേയും മേൽ ചുമത്തേണ്ടതാകുന്നു.

ഇപ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിലെ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കുന്നതിന് നിലവിലെ സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 കെട്ടിട നിർമ്മാണ പെർമിറ്റ് നൽകൽ - അപാകതകൾ

2017-18 വർഷത്തെ കെട്ടിട നിർമ്മാണ പെർമിറ്റ് ഫയലുകൾ/രജിസ്റ്റർ പരിശോധിച്ചതിൽ കെട്ടിട നിർമ്മാണത്തിനായി പെർമിറ്റ് നൽകിയതിൽ അപാകതയുണ്ട്. ആകെ 804 അപേക്ഷകൾ പെർമിറ്റിനായി ലഭിച്ചതിൽ 566 പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം LLMC(Local Level Monitoring Committee) കമ്മിറ്റിയുടെ ഉത്തരവ് ആവശ്യമുള്ള 47 അപേക്ഷകളും ലഭിച്ചിട്ടുണ്ട്. ഇതിൽ 14 അപേക്ഷകൾക്ക് പെർമിറ്റ്

അനുവദിച്ചിട്ടുണ്ട്. മേൽ ഫയലുകൾ, രജിസ്റ്റർ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ ശരിയായി പരിപാലിക്കുന്നില്ല. രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത് പൂർണ്ണമല്ല.

2. രജിസ്റ്ററിൽ പെർമിറ്റ് നൽകുന്നതിന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനായ സെക്രട്ടറി തീയതി രേഖപ്പെടുത്തിയിട്ടില്ല.

3. നിലം ആയ സ്ഥലത്ത് കെട്ടിട നിർമ്മാണം നടത്തുന്നതിനുള്ള അപേക്ഷ നിരസിച്ചതിന് ശേഷം ആയത് അനുവദിക്കുമ്പോൾ രജിസ്റ്ററിൽ വേണ്ട രേഖപ്പെടുത്തൽ ഇല്ല.

4. 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് പ്രകാരം നിലം ആയിട്ടുള്ള സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് LLMC കമ്മിറ്റിയുടെ ശുപാർശയോടെ ജില്ലാതല സമിതിയുടെ ഉത്തരവ് അനിവാര്യമാണ്. നിലം ആയിട്ടുള്ള പെർമിറ്റ് ഫയലുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(എ). ചുവടെ ചേർക്കുന്ന പെർമിറ്റ് അപേക്ഷകൾക്ക് 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് അനുശാസിക്കുന്ന ഉത്തരവ് ഇല്ലാതെ പെർമിറ്റ് നൽകിയതായി കണ്ടു.

| ക്രമ നം | അപേക്ഷകന്റെ പേര് | പെർമിറ്റ് നം | കെട്ടിടത്തിന്റെ വിസ്തീർണ്ണം | ഒടുക്കിയ പെർമിറ്റ് ഫീസ് |
|---|---|---|---|---|
| 1 | ഹാഷിം, മൂലെത്തോട്, ഇടപ്പള്ളി | 109/17 | 133.95 | 288/- |
| 2 | മുഹമ്മദ് & നബീസ, കാരക്കാട്, NAD P.O. | 104/17 | 113.15 | 283/- |

(ബി) പെർമിറ്റ് അനുവദിച്ച ഫയലുകളിൽ കെട്ടിട നിർമ്മാണത്തിനായി, അപേക്ഷകന് മറ്റൊരു വില്ലേജിലും സ്വന്തമായി സ്ഥലമില്ല എന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. സ്ഥലം കൈമാറ്റം ചെയ്യില്ല എന്നതിന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

| ക്രമ നം | അപേക്ഷകന്റെ പേര് | പെർമിറ്റ് നം | കെട്ടിടത്തിന്റെ വിസ്തീർണ്ണം | ഒടുക്കിയ പെർമിറ്റ് ഫീസ് |
|---|---|---|---|---|
| 1 | സുനിദത്ത് ബീവി | 401/17 | 47.20 | 118/- |
| 2 | നൗഷാദ്, ഇല്ലിക്കൽ(H), നൊച്ചിമ (കോടതി ഉത്തരവ്) | 130/17 | 126.70 | പെർമിറ്റ് നൽകിയത് സംബന്ധിച്ച വിവരം ഇല്ല. |

മേൽ വിവരിച്ച അപാകതകൾ പെർമിറ്റ് ഫയലുകളിൽ ഉള്ളതിനാൽ ആയതിന് വിശദീകരണം ഹാജരാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 22 ന് മറുപടി ലഭ്യമാക്കിയില്ല. മേൽ പെർമിറ്റുകൾ പുനഃപരിശോധിക്കേണ്ടതും, LLMC(Local Level Monitoring Committee) ഉത്തരവ് ഹാജരാക്കുന്നതിന് വിധേയമായി കെട്ടിട നിർമ്മാണത്തിന് അനുമതി നൽകേണ്ടതുമാണ്.

5. പഞ്ചായത്തിൽ നിലം നികത്തി വച്ചിരിക്കുന്ന വീടുകൾ ഉള്ളതായി പഞ്ചായത്ത് കമ്മിറ്റി തന്നെ തീരുമാനത്തിലൂടെ പറഞ്ഞിട്ടുണ്ട്. 17-06-2017 ൽ കൂടിയ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിലെ തീരുമാനം 2(1) പ്രകാരം എടത്തല ഗ്രാമപഞ്ചായത്തിൽ കെട്ടിട നമ്പർ ഇല്ലാതെ വ്യവസായ സ്ഥാപനങ്ങൾ, അൺ എയ്ഡഡ് സ്കൂളുകൾ, മിനി ഇൻഡസ്ട്രിയൽ സ്ഥാപനങ്ങൾ, നിലം നികത്തി വച്ചിരിക്കുന്ന വീടുകൾ എന്നിവ ധാരാളം ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനം 20-06-2017 ലെ ഗ്രാമ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ഇപ്രകാരം കൃഷി ഭൂമി ധാരാളം ഉള്ള (172 ഹെക്ടർ, സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം) പഞ്ചായത്തിൽ നെൽവയൽ നികത്തി കെട്ടിടങ്ങൾ നിർമ്മിക്കുന്ന പ്രവണത നിലവിലെ നിയമങ്ങൾക്ക് വിധേയമായി നിയന്ത്രിക്കാൻ ഗ്രാമപഞ്ചായത്ത് കമ്മിറ്റി വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. ഇതുവരെ അനുവദിച്ച കെട്ടിട നിർമ്മാണ പെർമിറ്റുകൾ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

## 2-4 വസ്തു നികുതി നിർണ്ണയവും രേഖകളുടെ പരിപാലനവും - അപാകതകൾ

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങളിലെ ചട്ടം 3(5)

പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും വെവ്വേറെ വസ്തുനികുതി ചുമത്തേണ്ടതുള്ളൂ. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും ഈ വിഷയം വ്യക്തമാക്കിയിട്ടുണ്ട്. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. മേൽ കെട്ടിടങ്ങൾക്ക് ആകെയുള്ള തറ വിസ്തീർണ്ണം 100 ച.മീ.ൽ കൂടുതലാണ്. കെട്ടിടത്തിന്റെ വിവരവും കണക്കാക്കിയ അടിസ്ഥാന വസ്തു നികുതി നിരക്കും ചുവടെ ചേർക്കുന്നു.

1. ശ്രീ.പി.എച്ച്.അഷ്റഫ്, കല്ലൂപറമ്പിലിന്റെ പേരിലുള്ള കെട്ടിടത്തിന് (II/408)റൂമുകൾ തിരിച്ചാണ് കെട്ടിട നമ്പർ രേഖപ്പെടുത്തി നികുതി കണക്കാക്കിയിരിക്കുന്നത്.(വസ്തുനികുതി നിർണ്ണയ രജിസ്റ്റർ വാർഡ് II പേജ് -9)കെട്ടിട നം.408-P ടിയാന്റെ പേരിൽ തന്നെയുള്ള കെട്ടിടമാണ്. ആകെ 243.7 ച.മീ. വിസ്തീർണ്ണം ഉള്ള കെട്ടിടത്തിന് ച.മീറ്ററിന് 50 രൂപ നിരക്കിൽ ആണ് വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത കെട്ടിടത്തോടനുബന്ധിച്ചുള്ള വ്യാവസായികാവശ്യത്തിനുള്ള മുകളിൽ സൂചിപ്പിച്ച കെട്ടിടത്തിന് ച.മീറ്ററിന് 40 രൂപ പ്രകാരം ആണ് വസ്തു നികുതി നിർണ്ണയം നടത്തിയത്. ആയത് നിലവിലുള്ള നിയമങ്ങൾക്കും,ചട്ടത്തിനും വിരുദ്ധമാണ്. മേൽ കടമുറിക്കും 100 ച.മീറ്ററിന് മുകളിലുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ എന്ന ഇനത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയം നടത്തേണ്ടതായിരുന്നു.

2. ശ്രീ.ഷിജി ബെന്നി,ഊക്കൻ എന്നയാളുടെ പേരിലുള്ള കെട്ടിടത്തിന്(II/135H, I, J) റൂമുകൾ തിരിച്ചാണ് കെട്ടിട നമ്പർ രേഖപ്പെടുത്തി നികുതി കണക്കാക്കിയിരിക്കുന്നത്. ആകെ 3 മുറികൾക്കാണ് നമ്പർ നൽകിയിരിക്കുന്നത്. മൂന്ന് മുറികൾക്കും ചേർത്ത് ആകെ 113.73 ച.മീറ്റർ ആണ് ഉള്ളത്. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്.

3. വസ്തു നികുതി നിർണ്ണയ രജിസ്റ്റർ-പേജ് 8 വാർഡ് III – കെട്ടിട നം. 231-D – ശ്രീ.ടി.എ.അബ്ദുൽ റഹ്മാൻ, താനാരി എന്നയാളുടെ പേരിലുള്ള 186.5 ച.മീ. വിസ്തീർണ്ണം ഉള്ള കെട്ടിടം രജിസ്റ്റർ പ്രാകരം ഡോർമെട്ടി എന്ന ഇനത്തിൽ ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ നികുതി നിർണ്ണയം നടത്തിയിരിക്കുന്നത് പാർപ്പിടാവശ്യം എന്ന ഇനത്തിൽപ്പെടുത്തിയാണ്. (നികുതി - 1059/- നികുതി നിരക്ക് - 6/-). നികുതി നിർണ്ണയം ക്രമപ്പെടുത്തേണ്ടതാണ്.

4. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 20-09-2017 ലെ മീറ്റിംഗിൽ തീരുമാനം I(3) പ്രകാരം (മിനുറ്റ്സ് രജിസ്റ്റർ പേജ് - 140) എടത്തല ഗ്രാമപഞ്ചായത്തിൽ തറ വിസ്തീർണ്ണം അടിസ്ഥാനത്തിൽ കെട്ടിട നമ്പർ വാങ്ങിയതിന് ശേഷം വിപുലീകരണം നടത്തിയിട്ടുള്ളവ കണ്ടെത്തുന്നതിന് താത്ക്കാലിക ജീവനക്കാരനെ (ടെക്നിക്കൽ)വെച്ച് എസ്റ്റിമേറ്റ് എടുപ്പിച്ച് പരിശോധിച്ച് അർഹതപ്പെട്ട നികുതി ചുമത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

5. വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പരിപാലിക്കുന്നതിൽ അപാകതയുണ്ട്. രജിസ്റ്ററുകൾ വർഷം തിരിച്ച് രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്റർ പ്രകാരം വസ്തു നികുതി നിർണ്ണയം നടത്തിയ കാലയളവ് വ്യക്തമല്ല. ഗ്രാമ പഞ്ചായത്ത് പരിധിയിലെ കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്നതിന് അധികാരപ്പെട്ട ഉദ്യോഗസ്ഥനായ സെക്രട്ടറി വസ്തുനികുതി നിർണ്ണയ രജിസ്റ്ററിൽ നികുതി നിർണ്ണയം നടത്തി ആയത് സാക്ഷ്യപ്പെടുത്തുമ്പോൾ തീയതി രേഖപ്പെടുത്തിയിട്ടില്ല.

മേൽ വിവരിച്ചവയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 11 ന് ലഭ്യമാക്കിയ മറുപടിയിൽ അപേക്ഷകർ ആവശ്യപ്പെട്ട പ്രകാരം 100 ച.മീറ്ററിൽ താഴെയുള്ള ഗണത്തിൽപെടുത്തി 40 രൂപ പ്രകാരം കരം നിശ്ചയിച്ച് നൽകുകയായിരുന്നു എന്നും, ഈ കെട്ടിടങ്ങൾ നാളിതുവരെ യാതൊരു പ്രവർത്തനവും നടത്താതെ അടച്ചിട്ടിരിക്കുകയാണെന്നും, ടി കെട്ടിടങ്ങളിൽ എന്തെങ്കിലും സ്ഥാപനം നടത്തുന്ന മുറയ്ക്ക് നികുതി 50 രൂപ ക്രമത്തിൽ പുതുക്കി നിശ്ചയിച്ച് നൽകുന്നതാണെന്നും, ഈ കെട്ടിടത്തിന് നാളിതുവരെ വേക്കൻസി റെമിഷൻ നൽകിയിട്ടില്ല എന്നുമുള്ള മറുപടി അംഗീകരിക്കുന്നില്ല. ഒരു കെട്ടിടം ഉപയോഗിക്കുന്നില്ല എങ്കിൽ ആയതിന് നികുതിയിൽ നിന്നും ഒഴിവാക്കുന്നതിന് വേക്കൻസി റെമിഷനുള്ള അപേക്ഷ പഞ്ചായത്തിൽ നല്കുകയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാന പ്രാകാരം നികുതി ഒഴിവാക്കി നൽകുകയുമാണ് വേണ്ടത്. ആയതിനാൽ മേൽ കെട്ടിടങ്ങളിൽ നിന്നും നിയമ പ്രകാരമുള്ള വസ്തു നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

6. സഞ്ചയ സോഫ്റ്റ്‌വെയറിൽ പെട്രോൾ പമ്പുകളുടെ വിവരം ചേർത്തിട്ടില്ല.

വസ്തു നികുതി സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പെട്രോൾ പമ്പുകളുടെ വസ്തുനികുതി നിർണ്ണയ വിവരം രേഖപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യുവൽ സ്റ്റേഷൻ എന്നിവയ്ക്ക് ച.മീറ്ററിന് 40 രൂപയാണ് ഈടാക്കേണ്ടത്. ഓഡിറ്റിന്റെ അന്വേഷണത്തിൽ ഗ്രാമപഞ്ചായത്ത്

പരിധിയിൽ 4 പെട്രോൾ പമ്പുകൾ പ്രവർത്തിക്കുന്നതായി കണ്ടു. എന്നാൽ പെട്രോൾ പമ്പുകളുടെ വസ്തു നികുതി നിർണ്ണയം സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഉള്ള ഫ്യുവൽ സ്റ്റേഷനുകൾ എന്ന ഇനത്തിൽ പെടുത്തി ചേർത്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 15 ലഭ്യമാക്കിയ മറുപടിയിൽ പെട്രോൾ പമ്പുകളുടെ നികുതി ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റിന്റെ പരിശോധനയിലും, അന്വേഷണത്തിലും ഗ്രാമ പഞ്ചായത്തിലെ വാണിജ്യാവശ്യത്തിനുള്ള മുഴുവൻ കെട്ടിടങ്ങളേയും മേൽ പരാമർശിച്ച രീതിയിലാണ് വസ്തുനികുതി നിർണ്ണയത്തിന് വിധേയമാക്കിയിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു. ആയതിനാൽ ഗ്രാമ പഞ്ചായത്ത് പരിധിയിലെ വാണിജ്യാവശ്യത്തിനുള്ള മുഴുവൻ കെട്ടിടങ്ങളുടെയും വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ നിന്നും വാടക ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അമൃതം ഫുഡ്സ് എന്ന സ്ഥാപനത്തിൽ നിന്നും ഗ്രാമപഞ്ചായത്ത് വാടക പിരിക്കുന്നില്ല. രേഖകൾ പരിശോധിച്ചതിൽ ഈ സ്ഥാപനം ഗ്രാമ പഞ്ചായത്തിനോ, ഗ്രാമ പഞ്ചായത്ത് സി.ഡി.എസിനോ കീഴിലല്ല പ്രവർത്തിക്കുന്നത്. ഗ്രാമ പഞ്ചായത്തിന്റെ അഞ്ചാം വാർഡിൽ 119-A നമ്പറായിട്ട് 248 ച.മീ. കെട്ടിടത്തിൽ സ്വതന്ത്രമായിട്ട് പ്രവർത്തിച്ച് (GST NO.32AADAA9110B1ZL) വരുമാനം ഉണ്ടാക്കുന്നതിനാൽ ഈ സ്ഥാപനത്തിൽ നിന്നും വാടക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 19 ന് ലഭ്യമാക്കിയ മറുപടിയിൽ വാടക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 2-6 റിലയൻസ് ജിയോ റോഡ് കട്ടിംഗ് അനുമതി-വരുമാന നഷ്ടം

19-4-17ലെ 10-ാം നം തീരുമാനപ്രകാരം റിലയൻസ് ജിയോ ഇൻഫോകോം എന്ന സ്ഥാപനത്തിന് 1400 മീറ്റർ ROW(Right of Way) അനുമതി നൽകിയിട്ടുണ്ട്. ഈയിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ടത് 2129400/-രൂപയാണ്. $1m^2$ ന് 1521 രൂപാ നിരക്കിൽ ആണ് ഈടാക്കേണ്ടത്. PWD റോഡ്സ് &ബ്രിഡ്ജസ് ഡിവിഷൻ ചീഫ് എൻജിനീയറുടെ 18-3-2013ലെ CE/R&B/GL/6682/06 ഉത്തരവിലെ നിരക്കുതന്നെയാണ് ഈടാക്കിയതെങ്കിലും, (1521/മീറ്ററിന്) ട്രെഞ്ച് വീതി .50 ത്തിൽ കൂടിയാൽ 1.5 ഇരട്ടിയായി കണക്കാക്കണമെന്നും, നിരക്ക് കണക്കാക്കുന്നതിന് ട്രെഞ്ച് വിഡ്ത് (trench width)ഏറ്റവും കുറവ് 1മീറ്ററിൽ നിജപ്പെടുത്തണവുമെന്ന നിഷ്കർഷ പാലിച്ചിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ ഈയിനത്തിൽ കണക്കാക്കിനൽകിയിരിക്കുന്ന തുക 1277640/-രൂപയാണ് (0.60x 1400 x 1521 =1277640/-)

എന്നാൽ തുക കണക്കാക്കേണ്ടിയിരുന്നത് കുറഞ്ഞത് ഒരു മീറ്റർ വീതി കണക്കിലെടുത്താവണമായിരുന്നു. അതായത് 1 x 1400 x 1521 = 2129400/-രൂപ ഈടാക്കണമായിരുന്നു.

ചെക്ക് ഡി.ഡി. രജിസ്റ്റർ പ്രകാരം മേൽ തുക 28-1-2017ൽ 2,28150/-രൂപയും ( DD.No.715461/23-1-17, HDFC -EKM) 10,49,490/- രൂപയും (DD.No.652910/3-1-17 HDFC, Ekm)അടവാക്കിയതായിട്ടുണ്ട്.(രസീത് നം.00034&40dtd 28-1-17 )

വരവിനത്തിൽ പഞ്ചായത്തിനുണ്ടായ നഷ്ടം 8,51,760/-രൂപ (2129400- 1277640) മേൽ സ്ഥാപനത്തിൽ നിന്നും ഈടാക്കാനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

1.മേൽ തുക ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുള്ള ചെക്ക് .ഡി.ഡി.രജിസ്റ്ററിൽ ഒരിടത്തുപോലും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2.ROW അനുമതി അപേക്ഷയോടൊപ്പം ഏത് വാർഡിൽ, ഏത് റൂട്ടിൽ, എത്ര നീളത്തിൽ, ഏത് പ്രതലമുള്ള റോഡ് എന്നീ കാര്യങ്ങൾ വ്യക്തമാക്കുന്ന പ്ളാൻ സമർപ്പിച്ചത് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3.റിലയൻസ് ജിയോ ഇൻഫോകോം സമർപ്പിച്ച 21-1-17 ലെ RJIL/OFC/ROW/STL/1243 നം.അപേക്ഷയിൽ NLATS (Negative list approach of taxation of services)പ്രകാരമുള്ള സർവ്വീസ് ടാക്സ് (1994 ലെ സർവ്വീസ് ടാക്സ് റൂൾ 4A പ്രകാരമുള്ളത്)റിലയൻസ് ജിയോ ഇൻഫോകോം നൽകാൻ തയ്യാറാണെന്ന് അറിയിച്ചിരുന്നെങ്കിലും ടി തുക ഈടാക്കിയോ എന്ന് വ്യക്തമല്ല.

4.11-10-2013ലെ G.O.(MS)No.30/13/ITD ഉത്തരവ് 3(ii)പ്രകാരം ഒപ്റ്റിക്കൽ ഫൈബർ കേബിൾ കടന്നുപോകുന്ന റൂട്ടുകളിലെ എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും, (xvi)പ്രകാരം 2 കി.മീ.ചുറ്റളവിലുള്ള എല്ലാ സർക്കാർ സ്ഥാപനങ്ങളും ആവശ്യപ്പെട്ടാൽ സൗജന്യമായി ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കണം എന്ന

രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈ ആനുകൂല്യം പ്രയോജനപ്പെടുത്തിയതായി കാണുന്നില്ല.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവു വിളക്ക് പരിപാലനം-അപാകതകൾ

തെരുവു വിളക്ക് പരിപാലനത്തിനായി 2017-18 വർഷം 18,00,000/- രൂപ തനതുഫണ്ടിൽ നിന്നും വകയിരുത്തി പദ്ധതി രൂപീകരിച്ചിട്ടുണ്ട്(പ്രോജക്റ്റ് നം 166/17-18). കൂടാതെ 2016-17 ലെ ചെലവുതുക നൽകുന്നതിനായി 10,00,00/- രൂപ അടങ്കലിൽ മറ്റൊരു പദ്ധതിയും രൂപീകരിച്ചിട്ടുണ്ട് (പ്രോജക്റ്റ് നം 170/17-18). സുലേഖ സോഫ്റ്റ്‌വെയറിൽ ചെലവ് രേഖപ്പെടുത്താത്തതിനാൽ പ്രോജക്റ്റിൽ ചെലവു വന്നിട്ടില്ല. എന്നാൽ 2017-18 വർഷം 230500704 repairs and maintenance electricity street light എന്ന ഹെഡിൽ 14,06,635/- രൂപ ചെലവഴിച്ചിട്ടുണ്ട്. 2015-16 ൽ കരാറേറ്റെടുത്ത ശ്രീ അരുൺകുമാർ വി.എം. എന്ന വ്യക്തിക്കു തന്നെയാണ് ഇത്രയും തുക അനുവദിച്ചിരിക്കുന്നത്. 06.08.2016 ന് ടിയാന്റെ കരാർ കാലാവധി അവസാനിച്ചെങ്കിലും പുതിയ പദ്ധതിക്കായി ടെണ്ടർ നടപടികൾ യഥാസമയം പഞ്ചായത്ത് സ്വീകരിച്ചില്ല. 22.11.2016ലെ 4(2) നമ്പർ തീരുമാന പ്രകാരം തെരുവു വിളക്ക് പരിപാലനത്തിനായി ഇ-ടെണ്ടർ നടത്തുന്നതിന് സാങ്കേതികമായ കാലതാമസമുള്ളതിനാലും അടിയന്തിരമായി തെരുവു വിളക്ക് മെയിന്റനൻസ് നടത്തേണ്ടതിനാലും 2015-16 ലെ കരാറുകാരനു തന്നെ ഒരു മാസത്തേക്കുകൂടി അതേ നിരക്കിൽ കരാർ നീട്ടി നൽകുന്നതിന് ഐക്യകണ്ഠേന തീരുമാനിക്കുകയും ചെയ്തു. ടി തീരുമാനത്തോട് സെക്രട്ടറി വിയോജിക്കുകയും നിലവിൽ പ്രോജക്റ്റ് ഉള്ളതിനാൽ പുതിയതായി ടെണ്ടർ നടപടി സ്വീകരിച്ച് പ്രോജക്റ്റ് നടപ്പിലാക്കുകയുമാണ് ചെയ്യേണ്ടതെന്നും കരാർ കാലാവധി നീട്ടി നൽകേണ്ടതില്ലെന്നും സെക്രട്ടറി അറിയിച്ചിരുന്നു. എന്നാൽ കരാർ ദീർഘിപ്പിച്ചു നൽകുന്നതിനും തുക തനതുഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനും കമ്മറ്റി തീരുമാനമെടുത്തു.(തീരുമാനം നം 01/02.12.2016). ഇ-ടെണ്ടർ നടപടികൾ പൂർത്തിയാകും വരെ ദീർഘിപ്പിച്ച് നൽകിയ കരാർ പ്രകാരം തുക അനുവദിക്കുന്നതിന് സ്പിൽ ഓവർ പ്രോജക്റ്റ് ഭേദഗതി ചെയ്യുന്നതിന് ഡി.പി.സി. യെ സമീപിച്ചെങ്കിലും സ്പിൽ ഓവർ പ്രോജക്റ്റ് ആയതിനാൽ ഭേദഗതിക്ക് അനുമതി ലഭിച്ചില്ല. ഇ-ടെണ്ടർ നടപടികൾ പൂർത്തിയാകാതിരുന്നതിനാൽ പുതിയ പ്രോജക്റ്റ് പ്രകാരവും തുക നൽകാൻ കഴിഞ്ഞില്ല. തുടർന്ന് 2018 ജനുവരിയിൽ മാത്രമാണ് ടെണ്ടർ നടപടികൾ പൂർത്തിയാക്കി പുതിയ കരാറിൽ ഏർപ്പെട്ടിട്ടുള്ളത്.

കമ്മറ്റി തീരുമാനപ്രകാരം സെപ്റ്റംബർ 2016 മുതൽ ജൂൺ 2017 വരെയുള്ള ബില്ലുകളിലായി താഴെ പറയും പ്രകാരമാണ് തുക അനുവദിച്ചിട്ടുണ്ട്.

| ചെക്ക് നമ്പർ, തീയതി | തുക |
|---|---|
| 75002/23.05.2017 | 529866 |
| 70769/24.06.2017 | 381569 |
| 70150/23.10.2017 | 495200 |
| ആകെ | 1406635 |

ഇതിൽ 23/10/2017 ൽ നൽകിയ തുകയിൽ നിന്നും വാറ്റ്, ആദായ നികുതി, നിർമ്മാണതൊഴിലാളി വിഹിതം എന്നിവ കുറവ് ചെയ്തിരുന്നില്ല. പിന്നീട് ജൂലൈ 17മുതൽ സെപ്റ്റംബർ 2017 വരെയുള്ള തുക അനുവദിച്ച ബില്ലിൽ നിന്നും (ചെക്ക് നം 71594/22.06.2018) ആദായ നികുതിയും, നിർമ്മാണതൊഴിലാളി വിഹിതവും ഈടാക്കിയെങ്കിലും വാറ്റ് ഈടാക്കിയിട്ടില്ല. 495200/- രൂപയുടെ 5% തുകയായ 24760/-രൂപ വാറ്റ് ഇനത്തിൽ ഈടാക്കി സർക്കാരിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

കരാറുകാരന് തുക നൽകിയത് നടപടിക്രമങ്ങൾ പാലിച്ചല്ലെന്ന് കാട്ടി 16-ാം വാർഡ് മെമ്പർ ബഹു. ഹൈക്കോടതിയിൽ പരാതി നൽകുകയും കോടതിയിൽ കേസ് (WP(c) 16989/17) നിലനിൽക്കുകയും ചെയ്യുന്നുണ്ട്. ബിൽ തുക നൽകിയതിന് സാധൂകരണം തേടി എ3-4213/17 തീയതി 04.06.2018 നം പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചെങ്കിലും മറുപടി ലഭിച്ചതായി കാണുന്നില്ല. ഈ വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം 23/31.10.18) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

അംഗീകരിച്ച പദ്ധതി ഉണ്ടായിരിക്കെ, അത് നടപ്പാക്കാതെയും ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെയും തുക ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതാണ്. തൻവർഷം ഈയിനത്തിൽ ചെലവഴിച്ച 14,06,635/-രൂപയിൽ വാറ്റിനത്തിൽ ഈടാക്കേണ്ട 24760/-രൂപ കിഴിച്ച് 13,81,875/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സർക്കാർ സാധൂകരണം ലഭ്യമായെങ്കിൽ ആയത് ഹാജരാക്കേണ്ടതും കോടതി വിധി അറിയിക്കേണ്ടതുമാണ്.

പഞ്ചായത്തിലെ തെരുവുവിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് താഴെപറയുന്ന നിർദ്ദേശങ്ങളും പാലിക്കേണ്ടതാണ്.

1) പഞ്ചായത്തിൽ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതുണ്ട്. ആയത് പരിശോധിച്ച് യഥാസമയം അറ്റകുറ്റപ്പണി നടത്തണം എന്നാണ് തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച സർക്കുലർ നം.3055/ഡി.എ3/2011/തസ്വഭവ തീ.15.09.11 ൽ നിർദ്ദേശിച്ചിട്ടുള്ളത്. ഇത്തരമൊരു രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കാതിരുന്നതിനാൽ ഈ നിർദ്ദേശം പാലിക്കുന്നുണ്ടോയെന്ന് വ്യക്തമല്ല.

2) വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തി നല്കുന്ന കണക്കുകളുടെ അടിസ്ഥാനത്തിലാണ് ലേബർ ചാർജ്ജിനത്തിൽ തുക നല്കുന്നത്.ഈ കണക്കുകളിൽ എന്ന്, എപ്രകാരമുള്ള പണി നടത്തിയെന്ന് വ്യക്തമാക്കുന്നില്ല. ഏതാനും ഇലക്ട്രിക്ക് പോസ്റ്റുകളുടെ നമ്പർ മാത്രമാണ് വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തി നല്കുന്ന സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തുന്നത്.

3) പഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്കുകളുടെ ആകെ എണ്ണം(പോസ്റ്റ് നമ്പർ ഉൾപ്പെടെ), തരം എന്നിവ(വാർഡ് തിരിച്ച്)രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനും ലൈൻ എക്സ്റ്റൻഷൻ നടത്തുമ്പോൾ കെ.എസ്.ഇ.ബിയിൽ നിന്ന് പ്രവൃത്തികളുടെ വിശദാംശങ്ങൾ വാങ്ങി ടി രജിസ്റ്റർ കാലികമാക്കുന്നതിനും ഉദ്യോഗസ്ഥതലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ് (എത്ര മീറ്റർ ലൈൻ എക്സ്റ്റൻഷൻ നടത്തി, പുതുതായി എത്ര തെരുവ് വിളക്കുകൾ സ്ഥാപിച്ചു തുടങ്ങിയവ). മേൽ പ്രകാരം തയ്യാറാക്കിയ രജിസ്റ്ററിലെ കണക്കുകളുടെ അടിസ്ഥാനത്തിലാവണം വാർഷിക അറ്റകുറ്റപ്പണിക്കുള്ള കരാർ ക്ഷണിക്കേണ്ടത്.

4) ബന്ധപ്പെട്ട വർക്കിങ് ഗ്രൂപ്പ് മോണിട്ടറിംഗ് നടത്തി റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

തെരുവ് വിളക്കുകളുടെ പരിപാലനം എന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപ്പെട്ടതാണ് (കേ.പ.രാജ് ആക്ട് 166വകുപ്പ് (1) ഉപവകുപ്പ് 3-ാം പട്ടിക)ആവർത്തനച്ചെലവായിട്ടും നാളിതുവരെ കൃത്യമായ കണക്കുകളോ, അനുബന്ധരേഖകളോ ഇല്ലാതെ, സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ കൃത്യമായ മേൽനോട്ടം ഇല്ലാതെ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നത് പദ്ധതിപ്പണത്തിന്റെ ദുരുപയോഗത്തിന് കാരണമാകുന്നു. ആയതിനാൽ ഈ വിഷയത്തിൽ പഞ്ചാത്ത് കമ്മറ്റിയുടെയും, വികസന സ്റ്റാന്റിങ്ങ് കമ്മറ്റിയുടെയും, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടേയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-2 സർക്കാർ വിഭാവനം ചെയ്യുന്ന സബ്സിഡി/ധനസഹായം പൂർണ്ണമായ തോതിൽ നൽകുന്നില്ല

സർക്കാർ വിഭാവനം ചെയ്യുന്ന സബ്സിഡി/ധനസഹായം പൂർണ്ണമായ തോതിൽ നൽകാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. ഡയറി ഫാം ഇൻസ്ട്രക്ടർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവർ നടപ്പിലാക്കിയ താഴെ പറയുന്ന രണ്ട് പ്രൊജക്ടുകളിലും സർക്കാർ വിഭാവനം ചെയ്യുന്ന സബ്സിഡി/ധനസഹായം നൽകിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രൊജക്ട് : ക്ഷീര കർഷകർക്ക് സബ്സിഡി.

പ്രൊജക്ട് നം : എസ്. 173/17-18

ചെലവഴിച്ച തുക : 2,69,250 രൂപ ( 1,50,000 – വികസന ഫണ്ട് , 1,19,250 – ബ്ളോക്ക് പഞ്ചായത്ത് വിഹിതം ).

പഞ്ചായത്തിൽ 5 ക്ഷീരസംഘങ്ങളിലായി പാലളക്കുന്ന 83 ക്ഷീരകർഷകർക്കാണ് 2017-18 ൽ സബ്സിഡി നൽകിയിരിക്കുന്നത്. വകുപ്പ് വിഹിതവും ചേർത്ത് ഒരു ലിറ്റർ പാലിന് 4 രൂപയാണ് നിലവിൽ സബ്സീഡി അനുവദിക്കാവുന്നത്. ആവശ്യത്തിന് ഫണ്ട് അനുവദിക്കാത്തതിനാൽ 2017 സെപ്തംബർ മാസം വരെയുള്ള സബ്സീഡി തുകയേ കർഷകർക്ക് പൂർണ്ണ തോതിൽ അനുവദിച്ചിട്ടുള്ളൂ. ബാലൻസ് തുക കൊണ്ട് ശരാശരി 1.34 രൂപ നിരക്കിൽ ഒക്ടോബർ മാസത്തേക്കുള്ള തുകയും അനുവദിച്ചു. നവംബർ മാസം മുതൽ മാർച്ച് മാസം വരെ അളന്ന പാലിനുള്ള സബ്സിഡി ക്ഷീരകർഷകർക്ക് ലഭിച്ചിട്ടില്ല.

കാലിത്തീറ്റയുടെ അമിതമായ വിലയും തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവും മൂലം ക്ഷീരകർഷകർ രംഗം വിടുന്നതായി സ്റ്റാറ്റസ് റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ട്. ആകെ ക്ഷിരകർഷകരുടെ എണ്ണം, ആകെ പാലുൽപാദനം എന്നിവ സംബന്ധിച്ച് സ്റ്റാറ്റസ് റിപ്പോർട്ടിൽ വിവരങ്ങളില്ല. പദ്ധതിയുടെ അടങ്കൽ തുക അപര്യാപ്തമാണെന്ന് വാക്കാൽ അഭ്യർത്ഥിച്ച എന്നും ഫണ്ടിന്റെ അപര്യാപ്തത കാരണം കാര്യമായ വർദ്ധനവ് വരുത്താൻ കഴിയില്ല എന്ന് പഞ്ചായത്ത് അറിച്ചതായും ഡയറി

ഫാം ഇൻസ്റ്റക്ടർ മറുപടി നൽകിയിട്ടുണ്ട്.

2. പ്രൊജക്ട് : ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ്.

പ്രൊജക്ട് നം : എസ്.ഒ 15/18

ചെലവഴിച്ച തുക : 17,27,150 രൂപ ( 12,27,150 – വികസന ഫണ്ട്, 1,50,000 – ബ്ളോക്ക് പഞ്ചായത്ത് വിഹിതം, 3,50,000 – ജില്ലാ പഞ്ചായത്ത് വിഹിതം).

ഓഡിറ്റ് വർഷം 30 ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കും 99 മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കും അടക്കം 129 കുട്ടികൾക്കാണ് സ്കോളർഷിപ്പ് വിതരണം ചെയ്തത്. പ്രതിമാസ സ്കോളർഷിപ്പ് 1000 രൂപയും പ്രതിമാസ യാത്രാബത്ത 1000 രൂപയും വസ്ത്രങ്ങൾക്കുള്ള ബത്ത,വിദ്യാഭ്യാസ സാമഗ്രികൾക്കുള്ള ബത്ത എന്നീ ഇനങ്ങളിലെ വാർഷിക ബത്തകളായ യഥാക്രമം 1500 രൂപ, 2000രൂപ എന്നിവയടക്കം 27,500 രൂപയാണ് ഒരു മാനസിക വെല്ലുവിളി നേരിടുന്ന കുട്ടിക്ക് യഥാർത്ഥത്തിൽ ലഭിക്കേണ്ടത്. എന്നാൽ 15,000/- രൂപയാണ് 2017-18 സാമ്പത്തിക വർഷം ഒരു കുട്ടിക്ക് ലഭിച്ചതായി കാണുന്നത്. ലഭിക്കേണ്ടിയിരുന്നതിന്റെ 55 ശതമാനം മാത്രമാണ് ലഭിച്ചത്. ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കും ഇത്തരത്തിൽ ലഭിക്കേണ്ടിയിരുന്നതിന്റെ 40 ശതമാനം മാത്രമാണ് ലഭിച്ചതായി കാണുന്നത്. മുഴുവൻ തുകയും ലഭ്യമാക്കാൻ പര്യാപ്തമായ തുക ബജറ്റിലും പ്രൊജക്ട് തയ്യാറാക്കുന്ന വേളയിലും വക കൊള്ളിക്കുന്നില്ല എന്ന് കാണുന്നു. നിലവിലുള്ള കുട്ടികളുടെ എണ്ണം കണക്കിലെടുത്താൽ ഏകദേശം 35 ലക്ഷം രൂപയെങ്കിലും സ്കോളർഷിപ്പിനായി പഞ്ചായത്തിനാവശ്യമായി വരുന്നുണ്ട്.

മുകളിൽ സൂചിപ്പിച്ച പദ്ധതികളുടെ നിർവഹണ രീതി പരിശോധിച്ചതിൽ നിന്നും ഓഡിറ്റ് എത്തിച്ചേർന്നിട്ടുള്ള നിഗമനങ്ങൾ ചുവടെ ചേർക്കുന്നു.

1. ഒരു വർഷം പ്രസ്തുത പദ്ധതികൾക്ക് ഏകദേശം എത്ര രൂപ ചെലവ് വരുമെന്ന് നിർവഹണ ഉദ്യോഗസ്ഥർ കണക്കാക്കുകയോ ഔദ്യോഗികമായി രേഖാമൂലം പഞ്ചായത്തിനെ അറിയിക്കുകയോ ചെയ്യുന്നില്ല.

2. മുൻ വർഷം പദ്ധതിയുടെ നിർവഹണവും ആയതിന്റെ തുക പര്യാപ്തമായിരുന്നോ എന്നുള്ളതും വർക്കിംഗ് ഗ്രൂപ്പ്, ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റി എന്നിവ പരിഗണിക്കുന്നതേയില്ല.

3. നിർവഹണ ഉദ്യോഗസ്ഥരുടെ അഭിപ്രായങ്ങൾ വിവിധ മീറ്റിംഗുകളിലെ മിനിട്സിൽ ചേർക്കുന്നില്ല.

4. പദ്ധതികളുടെ മോണിറ്ററിംഗ്, നിർവഹണ കലണ്ടറിന്റെ പാലനം എന്നിവ വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാൻഡിംഗ് കമ്മിറ്റി എന്നിവ നിരിക്ഷിക്കുന്നില്ല.

5. വികസനഫണ്ട് (ജനറൽ) ഇനത്തിൽ മാത്രം കഴിഞ്ഞ വർഷം 55,47,287/-രൂപ പഞ്ചായത്ത് ചെലവഴിക്കാതെ ലാപ്സാക്കിയിരുന്നു. അതുകൊണ്ടുതന്നെ ആവശ്യത്തിന് ഫണ്ടില്ല എന്ന പഞ്ചായത്തിന്റെ വാദം അംഗീകരിക്കാവുന്നതല്ല. സമൂഹത്തിലെ ഏറ്റവു ദുർബല വിഭാഗങ്ങൾക്ക് ഉപകരിക്കത്തക്കവിധം പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതാണ്.

മേൽ അപാകതകളിലേക്ക് പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

## 3-3 വക്കീൽ ഫീസ് നൽകിയപ്പോൾ നിയമാനുസൃതമായ ആദായനികുതി ഈടാക്കിയില്ല- രൂ.20050 നഷ്ടം

എടത്തല ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വിവിധ കേസുകൾ കൈകാര്യം ചെയ്തതിന് അഡ്വ. രാജേഷ് എസ്. സുബ്രമണ്യത്തിന് 2017-18 വർഷം വക്കീൽ ഫീസ് ഇനത്തിൽ താഴെ പറയും പ്രകാരം 2,00,500/- രൂപ നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 21700022 | 05.04.17 | 15000 |
| 2 | 21700034 | 11.04.17 | 15000 |
| 3 | 21700406 | 22.09.17 | 45000 |
| 4 | 21700556 | 28.11.17 | 30000 |
| 5 | 21700517 | 06.11.17 | 5500 |
| 6 | 21700650 | 12.01.18 | 15000 |
| 7 | 21700717 | 22.02.18 | 30000 |

| | | | |
|---|---|---|---|
| 8 | 21700794 | 23.03.18 | 15000 |
| 9 | 21700824 | 27.03.18 | 30000 |
| | | | 200500 |

1961 ലെ ആദായനികുതി നിയമം 194 (ജെ) വകുപ്പ് പ്രകാരം പ്രൊഫഷണൽ സേവനങ്ങൾക്കുള്ള പ്രതിഫലമായി ഒരു വർഷം 30000 രൂപയിൽ അധികരിക്കുന്ന തുക നൽകുമ്പോൾ ആദായനികുതിയിനത്തിൽ 10% തുക സ്രോതസ്സിൽ കുറവ് ചെയ്ത് സർക്കാരിലേക്ക് ഒടുക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ അഡ്വ. രാജേഷ് എസ് സുബ്രമണ്യത്തിന് മേൽപ്പറഞ്ഞ പ്രകാരം വക്കീൽ ഫീസിനത്തിൽ 200500 രൂപ നൽകിയപ്പോൾ ആയതിന് ബാധകമായ 20050 രൂപ ആദായനികുതി പിടിച്ചിട്ടില്ല.

നിയമാനുസൃതമായ ആദായനികുതി കുറവ് ചെയ്യാതെ വക്കീൽ ഫീസ് നൽകിയതിനാൽ 20050 രൂപ കേന്ദ്ര സർക്കാരിന് നഷ്ടമായിട്ടുണ്ട്. ഈ തുക അഡ്വ. രാജേഷ് എസ്. സുബ്രമണ്യത്തിൽ നിന്നും ഈടാക്കി ആദായ നികുതി വകുപ്പിലേക്ക് അടക്കേണ്ടതാണ്.

## 3-4 തടിയുടെ വിനിയോഗം സംബന്ധിച്ച വിവരം ലഭ്യമാക്കണം

ആലുവ ഈസ്റ്റ് വില്ലേജിന്റെ പരിധിയിൽ പള്ളത്ത് ഹരിദാസ്, നെല്ലിക്കാത്തുകുടി ഷൗക്കത്ത് എന്നിവരുടെ അതിർത്തിയിൽ സ്ഥിതിചെയ്തിരുന്ന ആഞ്ഞിലിമരം കുഞ്ചാട്ടുകര കല്ലൻമാക്കൽ വീട്ടിൽ മേരി ചാക്കോ എന്ന വ്യക്തിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ വെട്ടിമാറ്റുവാൻ കളക്ടർ നിർദ്ദേശിച്ചിരുന്നു. മരംവെട്ടുന്നതിനുള്ള കൂലിയായി 9500/- രൂപ 31/8/17 ലെ 21700348 നമ്പർ വൗച്ചർ പ്രകാരം പഞ്ചായത്തിൽ നിന്നും നൽകിയിട്ടുണ്ട്. 32 അടി നീളവും 70 ഇഞ്ച് വണ്ണവും, 22 അടി നീളവും 30 ഇഞ്ച് വണ്ണവും ഉള്ള രണ്ട് തടിക്കഷണങ്ങൾ ലഭിച്ചിട്ടുള്ളതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ലഭ്യമായ തടിയുടെ വിനിയോഗം സംബന്ധിച്ച വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മരം വെട്ടിമാറ്റിയതിനുള്ള കൂലി ഉടമസ്ഥരിൽ നിന്നും ഈടാക്കേണ്ടതും അല്ലാത്തപക്ഷം തടി ലേലം ചെയ്ത തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അതുവരെ ഈയിനത്തിലുള്ള ചെലവുതുകയായ 9500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 പൊതു ടാപ്പുകൾ- വെള്ളക്കരം അടവാക്കുന്നത് ടാപ്പുകളുടെ കൃത്യമായ കണക്കില്ലാതെ

ഗ്രാമപഞ്ചായത്ത് പൊതു ടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നതിന് തൻവർഷം തനതുഫണ്ടിൽനിന്നും 12,06,626/- രൂപ ചെലവഴിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റി നൽകുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ തുക അടവാക്കുന്നതല്ലാതെ ടാപ്പുകളുടെ എണ്ണം കൃത്യമായി നിജപ്പെടുത്തിയല്ല തുക അടവാക്കിപ്പോരുന്നത്. ഇത്രയും ഭീമമായ തുക ആവർത്തനചെലവ് വരുന്ന ഇനമായിട്ടും ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് കൃത്യമായ കണക്കില്ലാത്തത് വലിയ അപാകതയാണ്. ആയതിനാൽ വാട്ടർ അതോറിറ്റിയുമായി സഹകരിച്ച് സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ വിവരശേഖരണം നടത്തി രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ടാപ്പുകൾ കൂട്ടിച്ചേർക്കുകയോ ഒഴിവാക്കുകയോ ചെയ്യുമ്പോൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്. ഗാർഹിക വാട്ടർ കണക്ഷനെടുക്കുന്നതിന് സബ്സിഡി നൽകുന്ന പദ്ധതി വി.ഇ.ഒ, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ നിർവ്വഹണോദ്യോഗസ്ഥരായി മുൻ പദ്ധതിക്കാലം മുതൽ നടപ്പിലാക്കിവരുന്നതാണ്. ഇതുവഴി ധാരാളം കുടുംബങ്ങൾ ഇതിനോടകം വാട്ടർകണക്ഷൻ എടുത്തിട്ടുണ്ട്. അതനുസരിച്ച് പൊതുടാപ്പുകളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടാകേണ്ടതാണ്. പൊതു ടാപ്പുകളുടെ വിവരമടങ്ങുന്ന രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കാത്തതിനാൽ ഉപയോഗിക്കുന്ന ടാപ്പുകൾക്കനുസരിച്ചാണോ തുക അടവാക്കുന്നതെന്ന് ഉറപ്പാക്കാനാവുന്നില്ല. മേൽവിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-6 മഴക്കാലപൂർവ്വശുചീകരണം-ചെലവു രേഖകൾ ഹാജരാക്കിയില്ല.

മഴക്കാലപൂർവ്വശുചീകരണത്തിനായി വൗച്ചർ നം 21700268/11.07.2017 പ്രകാരം 315000/- രൂപ ചെലവഴിച്ചിട്ടുണ്ട്. തുക എടത്തല പി.എച്ച്.സി.ക്ക് കൈമാറിയിരിക്കുകയാണ് ചെയ്തിരിക്കുന്നത്. 21 വാർഡുകൾക്കായി 15000/- രൂപ കണക്കിലാണ് തുക അനുവദിച്ചിട്ടുള്ളത്. ഇതിൽ 10000/-രൂപ ശുചിത്വമിഷൻ ഫണ്ടിൽ നിന്നും 5000/- രൂപ തനതുഫണ്ടിൽ നിന്നും ചെലവഴിക്കത്തക്ക രീതിയിലാണ് തുക വകയിരിത്തിയിരിക്കുന്നത്. തുക ചെലവഴിച്ചതിന്റെ ചെലവുരേഖകൾ ഹാജരാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി 17/29.10.2018 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വാർഡുതല സാനിറ്റേഷൻ സമിതികളുടെ ബാങ്ക് പാസ്ബുക്ക്, ചെലവുരേഖകൾ, യോഗങ്ങളുടെ

മിനിറ്റ്സ് ബുക്ക് എന്നിവയും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഈയിനത്തിൽ ശുചിത്വമിഷനിൽ നിന്നും തുക ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്. എല്ലാ രേഖകളും ഹാജരാക്കുന്നതുവരെ ചെലവുതുകയായ 315000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 ഗുണഭോക്തൃവിഹിതം -വിനിയോഗ വിവരം ലഭ്യമാക്കണം

2017-18 വാർഷികകണക്കു പ്രകാരം 320800101- Beneficiary Contributions എന്ന ഇനത്തിൽ 289760/- രൂപ നീക്കിയിരിപ്പുണ്ട്. ഇത് ഏത് പദ്ധതിക്കായി പിരിച്ച തുകയാണ്, പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ, തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം 21/30.10.2018) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പദ്ധതി നടപ്പിലാക്കിയിട്ടില്ലെങ്കിൽ തുക ഗുണഭോക്താക്കൾക്ക് തിരികെ നൽകേണ്ടതാണ്.

## 3-8 ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ- പ്രവൃത്തി പൂർത്തിയാക്കിയില്ല

ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് 2016-17 ൽ 16,00,000/- രൂപ പൊതുമരാമത്ത് വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു. ആ വർഷം പണി പൂർത്തിയാക്കാത്തതു സംബന്ധിച്ച് 2016-17 ലെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശമുള്ളതാണ് (ഖണ്ഡിക 3-7). 2017-18 ലെ വാർഷിക കണക്കിലും തുക ക്രമീകരിച്ചതായി കാണുന്നില്ല. പദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി(16/29.10.2018) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-9 സൗരോർജ്ജ പാനൽ സ്ഥാപിക്കൽ

പ്രോജക്റ്റ് നം : എസ്.ഒ.232/17-18

പ്രോജക്റ്റിന്റെ പേര് : സൗരോർജ്ജ പാനൽ സ്ഥാപിക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ആകെ അടങ്കൽ : 5,01,412/-(വികസന ഫണ്ട്)

ചെലവഴിച്ച തുക : 4,98,587/-(ബിൽ നം 50/20.02.18)

പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിനു മുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിക്കുന്നതിനായി 10,00,000/-രൂപ അടങ്കലിൽ 2016-17 ൽ തുടങ്ങിയ പദ്ധതിയാണിത്. കെൽട്രോണിനെയാണ് നിർവ്വഹണ ഏജൻസിയായി തെരെഞ്ഞെടുത്തിരുന്നത്. പദ്ധതി പ്രകാരം ആദ്യഗഡുവായി 498588/- രൂപ 2016-17 ൽ കെൽട്രോണിന് നൽകിയിട്ടുണ്ട്. ആ വർഷം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിനാൽ ബാലൻസ് തുക നൽകിയില്ല. പ്രവൃത്തി പൂർത്തീകരിച്ച് സോളാർ പാനൽ പ്രവർത്തന ക്ഷമമാക്കാത്തതു സംബന്ധിച്ച് 2016-17 ലെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശമുള്ളതാണ് (ഖണ്ഡിക നം 3-11). ബാലൻസ് തുക നൽകുന്നതിനായി 2017-18 ൽ സ്പിൽ ഓവർ പ്രോജക്റ്റായി അംഗീകാരം നേടുകയും മേൽ പ്രകാരം തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ ഇത് പ്രവർത്തന സജ്ജമാണോ, ഇതിനുശേഷം കെ.എസ്.ഇ.ബി. യിൽ നിന്നുള്ള വൈദ്യുത ഉപഭോഗത്തിൽ കുറവ് വന്നിട്ടുണ്ടോ തുടങ്ങിയ വിവരങ്ങൾക്കായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം.16/29.10.2018) രേഖാമൂലം മറുപടി ലഭ്യമാക്കിയില്ല. സോളാർ പ്ലാന്റ് പ്രവർത്തിക്കുന്നുണ്ടെന്നും വൈദ്യുത ചാർജ്ജിൽ വരുന്ന കുറവ് വർഷാവസാനം മാത്രമേ അറിയാൻ സാധിക്കൂ എന്നുമാണ് വാക്കാൽ മറുപടി നൽകിയത്.

സോളാർ പ്ലാന്റിന് പ്രവർത്തനാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് പരിശോധനക്ക് വന്നപ്പോൾ അവരുടെ അനുമതിയില്ലാതെ പഞ്ചായത്തിൽ ഒരു ഡീസൽ ജനറേറ്റർ സ്ഥാപിച്ചിരിക്കുന്നതായി കണ്ടെത്തിരുന്നു. ഇപ്പോൾ ജനറേറ്ററിൽ നിന്നുള്ള വൈദ്യുത കണക്ഷൻ വിഛേദിച്ചിരിക്കുകയാണ്. ജനറേറ്റർ ഉണ്ടായിട്ടും അതിന്റെ ഫലം ലഭിക്കാത്ത അവസ്ഥയാണുള്ളത്. ഇത് പ്രവർത്തനക്ഷമമാക്കേണ്ടതാണ്. സോളാർ പാനലിന്റെ പ്രവർത്തനക്ഷമത നിലനിർത്തുന്നതിന് അത് വൃത്തിയായി സൂക്ഷിക്കേണ്ടതും കെ.എസ്. ഇ. ബി. വൈദ്യുത ചാർജ്ജിൽ സംഭവിച്ച വ്യത്യാസം അറിയിക്കേണ്ടതുമാണ്.

## 3-10 ദുരിതാശ്വാസ നിധി

2017-18 വർഷത്തെ ദുരിതാശ്വാസ നിധി സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ എടത്തല ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം തൻവർഷം നടന്നിട്ടില്ല എന്ന് വ്യക്തമായി. ദുരിതാശ്വാസ നിധിക്ക് വേണ്ടി SBIൽ

അക്കൗണ്ട് പരിപാലിച്ച് വരുന്നുണ്ട്. തൻവർഷം പലിശയിനത്തിൽ ലഭിച്ച 69/- രൂപയടക്കം നീക്കിയിരിപ്പ് 1801/-രൂപ മാത്രമാണ്. ഓഡിറ്റ് വർഷം ദുരിതാശ്വാസ നിധിയിൽ നിന്നും യാതൊരുവിധ ആനുകൂല്യവും അനുവദിച്ചിട്ടില്ല. ദുരിതാശ്വാസ നിധിയുടെ സബ് കമ്മിറ്റി 2017-18ൽ യോഗം ചേരുകയോ ആയത് വിലയിരുത്തുകയോ ചെയ്തിട്ടില്ല. ഗ്രാമപഞ്ചായത്തിലെ പല പ്രദേശങ്ങളും വെള്ളപ്പൊക്ക കെടുതികളിലാണ്. ദുരിതാശ്വാസ നിധി ആനുകൂല്യം ആവശ്യമായ ഇത്തരം സാഹചര്യങ്ങളിലേക്ക് ഒരു മുൻകരുതൽ തീർത്തും ആവശ്യമാണ്. 2003ലെ കേരള പഞ്ചായത്ത് രാജ് ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങൾ ചട്ടം 3(1) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി രൂപീകരിച്ച് പ്രവർത്തിക്കേണ്ട ദുരിതാശ്വാസ നിധി കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിന് നിലവിലെ സെക്രട്ടറിയും ഭരണസമിതിയും പ്രത്യകം ശ്രദ്ധിക്കേണ്ടതാണ്.

## 3-11 അടിയന്തിര സ്വഭാവമുള്ള പ്രവൃത്തികൾ നടപ്പിലാക്കിയില്ല

2016-17 ൽ നടപ്പിലാക്കാതിരുന്ന 103/17,185/17എന്നീ പദ്ധതികളുടെ തുടർച്ചയായി യഥാക്രമം 242/18-മൃഗാശുപത്രി കെട്ടിട നിർമ്മാണം(എ.ബി.സി.പ്രോഗ്രാം) (അടങ്കൽ 12 ലക്ഷം, ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്), 97/18-എടത്തല പി.എച്.സി.യിൽ വൃദ്ധർക്കായി കെട്ടിടനിർമ്മാണം (പൊതുവിഭാഗം 600000) എന്നീ പദ്ധതികൾ വിഭാവനം ചെയ്തിരുന്നു. എന്നാൽ ടി പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

(എ) 97/18-എടത്തല പി.എച്.സി.യിൽ വൃദ്ധർക്കായി കെട്ടിടനിർമ്മാണം

1) മേൽ പദ്ധതിക്ക് 8-9-16 ൽ 249/AEE/VKLM/16-17 നംപർ അംഗീകാരം എ.ഇ.ഇ. നൽകിയിട്ടുണ്ട്.

2)28-11-17ൽ ഇ-ടെന്ററിൽ പ്രകാരം ശ്രീ.അഷ്റഫ് .പി.കെ. നിർമ്മാണപ്രവർത്തി ഏറ്റെടുത്ത് 8-12-17 ൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

3)കരാറുകാരന്റേയും,എ.ഇ.യുടെയും തിയ്യതിയില്ലാത്ത കത്തിൽ പി.എച്ച്.സി.അധികൃതരുടെ എതിർപ്പുമൂലം പണി നിർത്തിവെക്കേണ്ടി വന്നു എന്ന് പ്രസ്താവിച്ചിട്ടുണ്ട്. അതിനാൽ കരാറുകാരൻ ഡിപ്പോസിറ്റ് തുക തിരിച്ചു വാങ്ങുകയും ചെയ്തിട്ടുണ്ട്.

4)1994ലെ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 166(6)പ്രകാരംപട്ടിക 3ൽ പരാമർശിച്ചിരിക്കുന്ന സംഗതികളുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ കെട്ടിടങ്ങളും വസ്തുവകകളും, സ്വത്തുക്കളും ബാദ്ധ്യതകളും എല്ലാം തന്നെ ഗ്രാമപഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്യേണ്ടതാണ്.

5)പി.എച്.സി.യിലെ ഡോക്ടർ പഞ്ചായത്തിലെ നിർവ്വഹണോദ്യോഗസ്ഥനും, ആസൂത്രണസമിതി അംഗവുമാണ്. ആസൂത്രണസമിതി അംഗം എന്ന നിലയിൽ മെഡിക്കൽ ഓഫീസർ പദ്ധതി രൂപീകരണത്തിൽ പങ്കാളിയുമാണ്.എന്നാൽ 2017-18 ൽ ആകെ നടത്തിയ ആസൂത്രണസമിതി യോഗത്തിൽ(07-04-17) പി.എച്.സി. മെഡിക്കൽ ഓഫീസർ പങ്കെടുത്തിട്ടില്ല. പി.എച്.സി. കോമ്പൗണ്ടിൽ വൃദ്ധർക്കായി കെട്ടിടനിർമ്മാണം തടസ്സപ്പെടുത്താൻ മെഡിക്കൽ ഓഫീസർ രേഖാമൂലം നൽകിയ കത്തിൽ പി എച്. സി. യുടെ വസ്തുവകകൾ ഡി. എം. ഒ. യുടെ അധികാര പരിധിയിൽ ആണെന്നും, അതിനാൽ കെട്ടിടനിർമ്മാണം അനുവദിക്കാൻ കഴിയില്ലായെന്നും പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി രൂപീകരണത്തിന്റെ ഒരു ഘട്ടത്തിലും ഇത്തരത്തിൽ ഒരു പരാതി പഞ്ചായത്തിന് മെഡിക്കൽ ഓഫീസർ നല്കിയിട്ടില്ല.

6) നിർവ്വഹണം തടസ്സപ്പെട്ടതിനെ തുടർന്ന് ഈ വിഷയം പഞ്ചായത്ത് കമ്മറ്റി ചർച്ച ചെയ്ത് കൈക്കൊണ്ട തീരുമാനങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

7) ഈ വിഷയം വകുപ്പ് തലനടപടികളിലൂടെ ആരോഗ്യവകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ പഞ്ചായത്തിന്റെ ഭാഗത്തുനിന്ന് നടത്തിയ ശ്രമങ്ങൾ ആരാഞ്ഞ് ഓഡിറ്റ് എൻക്വയറി നം 18 നൽകിയെങ്കിലും മറുപടിയിൽ ഇതിനെക്കുറിച്ച് വിശദീകരിച്ചിട്ടില്ല.

(ബി) 242/18-മൃഗാശുപത്രി കെട്ടിട നിർമ്മാണം (എ.ബി.സി.പ്രോഗ്രാം)

1) പഞ്ചായത്ത് ജനറൽ കമ്മിറ്റി മിനിറ്റ്സ്, സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് എന്നിവയിൽ പല തവണ തെരുവുനായ് ശല്യത്തെക്കുറിച്ച് ചർച്ചചെയ്തിട്ടുണ്ട്. ഇതിനെ തുടർന്നാണ് പഞ്ചായത്തിൽ എ.ബി.സി.പദ്ധതി നടപ്പിലാക്കാൻ പദ്ധതി

തയ്യാറാക്കിയത്.

2) ടി പദ്ധതിയും നിർമ്മാണത്തിന്റെ പ്രാരംഭ ഘട്ടത്തിൽ പരിസരവാസികളുടെ എതിർപ്പിനെ തുടർന്ന് നിർത്തി വെക്കേണ്ടി വന്നു.

3) അടിയന്തിര പ്രാധാന്യമുള്ള പ്രവർത്തിയായിട്ടുപോലും പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞില്ല എന്നത് ഭരണസമിതിയുടെ വീഴ്ചയാണ്.

4) മേൽ പദ്ധതികൾക്കായി നീക്കിവെച്ച തുക മറ്റ് വികസനപ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെട്ടില്ല എന്നതും ശ്രദ്ധേയമാണ്.

## 3-12 അങ്കണവാടികളുടെ പ്രവർത്തനം

അങ്കണവാടി നം. 61 ലെ ഭക്ഷ്യ വിഷബാധ മൂലം ചികിത്സയിലായ മുഹമ്മദ് ആദിൽ എന്ന കുട്ടിയുടെ ചികിത്സാചെലവ് 6500/-രൂപ ഐ.സി.ഡി.എസ്.സൂപ്പർവൈസർക്ക്, തനത് ഫണ്ടിൽ നിന്ന് നൽകുന്നതിന് തീരുമാനമായിട്ടുണ്ട്(10-10-2017 ലെ തീരുമാനം 2)

അങ്കണവാടിയിൽ ഭക്ഷ്യ വിഷബാധയുണ്ടാകാൻ ഇടയായ സാഹചര്യം അന്വേഷണവിധേയമാക്കിയോ എന്നതും അങ്കണവാടിയിൽ ഭക്ഷ്യ വസ്തുക്കൾ സൂക്ഷിക്കുന്നതിന് വൃത്തിയുള്ള സാഹചര്യങ്ങൾ ഉണ്ടോയെന്നും വ്യക്തമാക്കേണ്ടതാണ്. എടത്തല ഗ്രാമപഞ്ചായത്തിനുകീഴിൽ 42 അങ്കണവാടികൾ ഉണ്ട്, 36 എണ്ണത്തിന് സ്വന്തമായി കെട്ടിടം, വൈദ്യുതി, കുടിവെള്ളം എന്നീ സൗകര്യങ്ങൾ ഉണ്ടെന്നാണ് ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചത്. ഭക്ഷ്യ വിഷബാധ സംബന്ധിച്ച് ബാലാവകാശ കമ്മീഷനിൽ ഒരു കേസ് നിലവിലുണ്ട്. ക്ഷേമകാര്യസ്റ്റാന്റിങ് കമ്മറ്റിയുടെ ചുമതലയിൽ ആണ് അങ്കണവാടികൾ. എന്നാൽ അങ്കണവാടികളുടെ ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, വിലയിരുത്തൽ എന്നീ ചർച്ചകളോ തീരുമാനങ്ങളോ മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല. ഭക്ഷ്യ വസ്തുക്കൾ സൂക്ഷിക്കുന്നതിന് ഗുണമേന്മയുള്ള സംഭരണികൾ, പാചകത്തിന് വൃത്തിയുള്ള സാഹചര്യങ്ങൾ എന്നിവയുണ്ടോയെന്നും, വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ സുരക്ഷിതമാണോ, വൈദ്യുതി, കുടിവെള്ള സൗകര്യം ലഭ്യമാണോ എന്നീ കാര്യങ്ങൾ പരിശോധിക്കുവാനും, വരും വർഷങ്ങളിൽ തദനുസരണമായി പദ്ധതികൾ രൂപീകരിക്കാനും സ്റ്റാന്റിംഗ് കമ്മറ്റികൾ ശ്രമിക്കേണ്ടതാണ്. അങ്കണവാടിയിലെ ഭക്ഷ്യ വിഷബാധ ഗൗരവമേറിയതാണ്. വാങ്ങുന്ന ഭക്ഷ്യവിഭവങ്ങൾ ഗുണമേന്മയുള്ളതും, കാലാവധി കഴിയാത്തതും, മായം കലരാത്തതും ആണെന്ന് ഐസിഡിഎസ് സൂപ്പർവൈസർ ഉറപ്പുവരുത്തേണ്ടതാണ്. അതോടൊപ്പം അങ്കണവാടി ജീവനക്കാർക്ക് വ്യക്തി ശുചിത്വം സംബന്ധിച്ച് ബോധവത്ക്കരണം നൽകേണ്ടതുമാണ്.

പഞ്ചായത്തിൽ ആകെയുള്ള 42 അങ്കണവാടികളിൽ 6 എണ്ണം വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഈ 6 അങ്കണവാടികൾക്കും സൗകര്യവും, സുരക്ഷയുമുള്ള കെട്ടിടങ്ങൾ കണ്ടെത്താനുള്ള നടപടികൾ കൈക്കൊള്ളാൻ ക്ഷേമകാര്യ സമിതി ശ്രദ്ധിക്കേണ്ടതാണ്. ബാലൻസ് ഷീറ്റ് പ്രകാരം ഈയിനത്തിൽ 1709899/-രൂപ അവശേഷിക്കുന്നുണ്ട്. സർക്കാർ ഉത്തരവ് നം 39033/ഡിസി2/2010തസ്വഭവ. തിയതി.3.9.10 പ്രകാരം പൂരകപോഷകാഹാരപദ്ധതിയിൽ ശേഷിക്കുന്ന തുക അങ്കണവാടികൾക്ക് സ്ഥലം വാങ്ങുക, കെട്ടിടം പണിയുക, ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തുക, കളിക്കോപ്പുകൾ വാങ്ങുക എന്നീ കാര്യങ്ങൾക്ക് ഉപയോഗിക്കാമെന്ന് വ്യക്തമാക്കുന്നു. എന്നാൽ എടത്തല പഞ്ചായത്തിൽ ഈയിനത്തിലെ നീക്കിയിരിപ്പ് തുക നിഷ്ക്രിയമായി അവശേഷിക്കുന്നു. അങ്കണവാടികളുടെ ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്താനും,സുരക്ഷ ഉറപ്പാക്കാനും ഭരണസമിതിയും, ക്ഷേമകാര്യ സമിതിയും ശ്രദ്ധിക്കേണ്ടതാണ്.

## 3-13 പദ്ധതി ആസൂത്രണം- അവലോകനം

ജി.ഒ.(എം.എസ്)10/2017/ത.സ്വ.ഭ.വ / 09.01.2017 ഉത്തരവിലാണ് 2017-2022 പഞ്ചവത്സര പദ്ധതിക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ രേഖപ്പെടുത്തിയിരുന്നത്. തദ്ദേശ ഭരണസ്ഥാപനങ്ങളിലെ നിർണ്ണായക ഘടകങ്ങളായ ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ രൂപീകരണം മേൽ ഉത്തരവ് പ്രകാരമായിരുന്നു. പഞ്ചവത്സര പദ്ധതിയുടെ ആദ്യ വർഷത്തെ പദ്ധതികളുടെ പരിശോധനയിൽ മേൽ ഘടകങ്ങളുടെ പ്രവർത്തനം പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ പഞ്ചായത്തിന്റെയും ആസൂത്രണ സമിതിയുടെയും വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെയും ശ്രദ്ധയിൽ പെടുത്തുന്നു.

പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, ആസൂത്രണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കാൻ ഭരണസമിതിയെ സഹായിക്കുക എന്നിവയാണ് ആസൂത്രണ

സമിതിയുടെ പ്രധാന ചുമതല. ഓഡിറ്റ് വർഷത്തിൽ ആസൂത്രണ സമിതി 1 തവണയാണ് (7-4-17) യോഗം ചേർന്നത്. വർഷാവസാനത്തെ തിരക്ക് പിടിച്ച ചെലവ് ഒഴിവാക്കാൻ നിർവ്വഹണ കലണ്ടർ കാലേകൂട്ടി തയ്യാറാക്കണം എന്ന നിർദ്ദേശം നടപ്പിലായതായി കാണുന്നില്ല. പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കാൻ വേണ്ട ഇടപെടലുകൾ നടത്തിതായി കാണുന്നില്ല. വാർഡ് തല ജാഗ്രതാസമിതി, വാർഡ് വികസന സമിതി എന്നിവ കാര്യക്ഷമമാക്കൽ തുടങ്ങിയ വിഷയങ്ങളിൽ ആസൂത്രണ സമിതിയിൽ തീരുമാനമാനങ്ങൾ എടുത്തിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ കൺവീനർമാർ പദ്ധതി നിർദ്ദേശങ്ങൾ അവതരിപ്പിച്ചെങ്കിലും, നിർദ്ദേശങ്ങളിൻമേൽ ഫലപ്രദമായ ചർച്ചകൾ ഉണ്ടായില്ല. പദ്ധതി രൂപീകരണത്തിൽ മറ്റ് യാതൊരു ഇടപെടലുകളും ആസൂത്രണസമിതി നടത്തിയിട്ടില്ല. 13-ാം പഞ്ചവത്സര പദ്ധതിയുടെ വികസനരേഖ ആസൂത്രണ സമിതി അംഗങ്ങൾക്ക് നൽകിയിട്ടുണ്ടോ, സ്റ്റാറ്റസ് റിപ്പോർട്ട് പദ്ധതി രൂപീകരണത്തിന് പ്രയോജനപ്പെടുത്തിയിട്ടുണ്ടോയെന്നും വ്യക്തമല്ല. പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ സംഘടിപ്പിക്കുക, അധികവിഭവ സമാഹരണ സാദ്ധ്യത കണ്ടെത്തുക, വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, പദ്ധതി ആസൂത്രണത്തിന് അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണസമിതിയെ സഹായിക്കുക, സ്റ്റേക്ക് ഹോൾഡർമാർ, ബാങ്ക്, സഹകരണ സ്ഥാപനങ്ങൾ എന്നിവയുമായി കൂടിയാലോചന നടത്തുക, പ്രാദേശികാസൂത്രണത്തിൽ സഹായിക്കുന്നതിന് വിദഗ്ധർ, സന്നദ്ധ പ്രവർത്തകർ, എന്നിവരെയൊക്കെ കണ്ടെത്തുന്നതിന് സഹായിക്കുക എന്നീ പ്രവർത്തനങ്ങളൊന്നും ആസൂത്രണസമിതിയുടെ ഭാഗത്ത് നിന്ന് ഉണ്ടായതായി യാതൊരു രേഖയിലും കണ്ടില്ല. പി.എച്.സി.കോമ്പൗണ്ടിൽ നിർമ്മാണം ആരംഭിച്ച വൃദ്ധൻമാർക്കുള്ള കെട്ടിടം മെഡിക്കൽ ഓഫീസറുടെ എതിർപ്പിനെ തുടർന്നും, എ.ബി.സി.പദ്ധതിക്കായുള്ള മൃഗാശുപത്രി കെട്ടിടം നാട്ടുകാരുടെ എതിർപ്പിനെ തുടർന്നും ആരംഭത്തിൽ തന്നെ ഉപേക്ഷിക്കേണ്ടി വന്നു. ഇത് ആസൂത്രണസമിതിയുടെ ഭാഗത്ത് നിന്നുള്ള പാളിച്ചയാണ്.

സ്റ്റാറ്റസ് റിപ്പോർട്ടിൽ സൂചിപ്പിച്ച പ്രശ്നങ്ങൾ മനസ്സിലാക്കി പ്രൊജക്റ്റുകൾ തയ്യാറാക്കുക, പ്രൊജക്റ്റുകളുടെ നിർവഹണത്തിൽ വിവിധ മുൻഗണനകൾ പാലിക്കുക, നിർവഹണം വിലയിരുത്തി പോരായ്മകൾ പരിഹരിക്കുക, പദ്ധതി രൂപീകരണവേളയിൽ നവമാദ്ധ്യമങ്ങളുടെ സാദ്ധ്യത പ്രയോജനപ്പെടുത്തുക, ഗ്രാമസഭ, വികസനസെമിനാർ എന്നിവക്ക് വേണ്ട അക്കാദമിക് സഹായം നൽകുക, ഓരോ പ്രൊജക്റ്റിന്റെയും യുക്തി, ക്ഷമത, പ്രായോഗികത, നിയമസാദ്ധ്യത, വിജയസാദ്ധ്യത, എന്നിവ പരിശോധിക്കുക ഇവയെല്ലാമാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതല.ഇവയൊന്നും നിർവ്വഹിച്ചില്ലെന്ന് മാത്രമല്ല ഏറ്റവും സുപ്രധാന ഘടകമായ മോണിറ്ററിംഗ് ഒരൊറ്റ പ്രൊജക്റ്റിൽ പോലും നടത്തിയില്ല എന്നും കാണുന്നു. പൊതുഭരണ, ധനകാര്യവർക്കിംഗ് ഗ്രൂപ്പ് മൂന്ന് തവണ മാത്രമാണ് യോഗം ചേർന്നത്. 30-5-17, 27-5-17 തീയതികളിലെ യോഗതീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. വനിതാ പ്രസിഡന്റ് സാരഥ്യം വഹിക്കുന്ന ഗ്രാമപഞ്ചായത്തിൽ വനിതാ വികസന വർക്കിംഗ് ഗ്രൂപ്പ് 3 തവണ മാത്രമാണ് യോഗം ചേർന്നത്. അംഗങ്ങളുടെ പങ്കാളിത്തം നാമമാത്രമാണ്. 29-7-17 ലെ യോഗത്തിലെ ചർച്ചകളൊ, തീരുമാനങ്ങളൊ രേഖപ്പെടുത്തിയിട്ടുമില്ല. സാമൂഹ്യ നീതിവർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനമാകട്ടെ, 27-5-17ലെ തീരുമാനങ്ങൾ രേഖപ്പെടുത്താത്ത ഒരേയൊരു യോഗം മാത്രമാണ്. എന്നാൽ പട്ടിക ജാതി, പട്ടിക വർഗ്ഗവികസന വർക്കിംഗ് ഗ്രൂപ്പ് 6 തവണ യോഗം ചേർന്ന്, ചർച്ചകൾ നടത്തി അഭിനന്ദനാർഹമായ പ്രവർത്തനം നടത്തിയിട്ടുണ്ട്. വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പ് പങ്കാളിത്തം കൊണ്ടും, നൂതനവും, പ്രായോഗികവുമായ നിർദ്ദേശങ്ങൾ കൊണ്ടും സജീവമായ 4 യോഗങ്ങൾ ചേർന്നിട്ടുണ്ട്. പക്ഷെ അവയിൽ എത്ര നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കിയെന്ന് വ്യക്തമല്ല.

വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം മുതൽ പദ്ധതി അംഗീകരിച്ചു കിട്ടുന്നത് വരെയുള്ള ആസൂത്രണ നടപടികൾ ഓരോന്നും ഫലപ്രദമായി നടത്തുന്നതിന് വേണ്ട മുന്നൊരുക്കവും ഇടപെടലുകളും നടത്തുക, തീരുമാനങ്ങൾ ഭരണസമിതിയെക്കൊണ്ട് വേഗത്തിൽ എടുപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക, നിർദ്ദേശങ്ങൾ മറ്റു സ്റ്റാൻഡിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയ്ക്ക് സമയാസമയങ്ങളിൽ ലഭ്യമാക്കുക എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടത് വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയാണ്. ഈ രംഗത്ത് പ്രസ്തുത സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രവർത്തനം തൃപ്തികരമായിരുന്നില്ല. 11 യോഗങ്ങൾ ചേർന്നുവെങ്കിലും നാമമാത്രമായ പങ്കാളിത്തം,സജീവമായ ഇടപെടലുകളുടെ അഭാവം എന്നിവ എടുത്തുപറയേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി, ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മറ്റി, ആരോഗ്യ, വിദ്യാഭ്യാസസ്റ്റാന്റിംഗ് കമ്മറ്റി എന്നിവ എല്ലാമാസവും യോഗം ചേർന്നിട്ടുണ്ടെങ്കിലും പങ്കാളിത്തം ആശാവഹമല്ല.

വികസന സെമിനാർ സർക്കാർ നിർദ്ദേശിച്ച രീതിയിൽ നടപ്പിലായതായി കണ്ടില്ല. വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളും, ഗ്രാമ സഭ മെമ്പർമാരും, പൊതുജനങ്ങളും, ജനപ്രതിനിധികളും പങ്കെടുക്കേണ്ട വികസന സെമിനാറിൽ 116 പേരാണ് പങ്കെടുത്തതായി കാണുന്നത്. വികസന സെമിനാറിലെ പല നിർദ്ദേശങ്ങളും പരിഗണിച്ചോ ഇല്ലയോ എന്ന് മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. മേൽ ഘടകളെല്ലാം ഉപരിപ്ളവമായ രീതിയിൽ മാത്രമാണ് പ്രവർത്തിച്ച്

കാണുന്നത്. നിർവഹണ ഉദ്യോഗസ്ഥരുടെ യോഗം ചേർന്നതായി കാണുന്നില്ല.

മേൽ ഘടകങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ വേണ്ടനടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു. ഖണ്ഡികയിലെ പരാമർശങ്ങൾ വിവിധ വർക്കിംഗ് ഗ്രൂപ്പുകൾക്കും രേഖാമൂലം നൽകാനും ആയതും അതാത് ഘടകങ്ങളുടെ മറുപടിയും അതാത് മിനിട്സ് ബുക്കിൽ രേഖപ്പെടുത്താനും നിർദ്ദേശിക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

.

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ വിവരം | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് | 2017-18 | 350000 | ഭിന്നശേഷി ക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് | 350000 | 0 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 150000 | ഭിന്നശേഷി ക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് | 150000 | 0 |
| 3 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 119250 | ക്ഷീരോൽ പാദകർക്ക് സബ്സിഡി | 119250 | 0 |
| 5 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 51000 | നെൽകൃഷി വികസനം | 51000 | 0 |

വാർഷിക കണക്ക് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 441420/-രൂപ വരവുണ്ട്. എന്നാൽ ഇതിൽ 121170/-(46170+75000) രൂപ ഏത് പദ്ധതിക്കാണ് ലഭിച്ചതെന്ന് വ്യക്തതയില്ല. മേൽ പട്ടിക പ്രകാരം ലഭിച്ച തുക മുഴുവൻ ചെലവഴിച്ചിട്ടും 320700204-ബ്ലോക്ക് പഞ്ചായത്ത് വിഹിതം എന്ന ഇനത്തിൽ 296170/- രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. അക്കൗണ്ട് മാറിയാണ് തുക ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാണ്. വിശദീകരണം നൽകേണ്ടതാണ്.

.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ / ചെക്ക് നമ്പർ, തീയതി | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവ ഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 14/28.06.17 | 425250 | 0 | 425250 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 20/30.06.17 | 638413 | 0 | 638413 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 2170855/31.03.18 | 224000 | 0 | 224000 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ | 21700413/26.09.17 | 150000 | 0 | 150000 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ | 61/27.03.18 | 196415 | 0 | 196415 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ | 12/28.06.17 | 584315 | 0 | 584315 |

ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. വിനിയോഗസാക്ഷ്യപത്രം ലഭിക്കുന്നതിനു മുമ്പ് തന്നെ ആസ്തി ഇനത്തിൽ(410400103-drinking water pipeline, 410600102-street line extension) ചെലവ് രേഖപ്പെടുത്തുന്നതായി കാണുന്നു. ഡെപ്പോസിറ്റ് വർക്കിന് തുക നൽകുമ്പോൾ 460500201-advance to implementing agencies-KWA, 460500202-advance to implementing agencies – KSEB തുടങ്ങിയ ശീർഷകങ്ങളിലാണ് അതാതിനമനുസരിച്ച് ചെലവുതുക രേഖപ്പെടുത്തേണ്ടത്. വിനിയോഗസാക്ഷ്യപത്രം ലഭിച്ചതിനുശേഷം മാത്രം ആസ്തിയായി മാറ്റേണ്ടതാണ്. 2017-18 വാർഷിക കണക്കിലെ B18 ഷെഡ്യൂൾ പ്രകാരം 460500201-advance to implementing agencies-KWA എന്ന ഇനത്തിൽ 22,33,437 രൂപ നീക്കിയിരിപ്പുണ്ട്. കൂടാതെ 460500202-advance to implementing agencies-KSEB എന്ന ഇനത്തിൽ 8,84,986 രൂപ നീക്കിയിരിപ്പുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി തുക ക്രമീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| പ്രോജക്ട് നം | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | അഡ്വാൻസ് തുക | കൺവീനറുടെ പേര് | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവ്-ചെലവുകളില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 11460317 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ ലഭിച്ചത്) | 11460317 +736758 |
| ആകെ | 12197075 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 12197075 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ബാങ്ക് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | എടത്തല സർവ്വീസ് സഹകരണബാങ്ക് | 27.02.18 | 1 വർഷം | 552667 | FD NO 30960 E |
| 2 | ,, | 27.02.18 | ,, | 8320269 | 30961 E |
| 3 | ,, | 27.02.18 | ,, | 3324139 | 30962 E |
| | ആകെ | | | 12197075 | |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷത്തിൽ ലഭിച്ച 175770/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2015-16 | 2-1-1(1) | 154000 | രാജഗിരി ആശുപത്രി ആലുവ | 117060500110 തീയതി 13.12.17 |
| 2015-16 | 2-1-1(2) | 20000 | ജി മോഹനൻ, യു എം വെഞ്ചേഴ്സ് | 117060102428 തീയതി 27.05.17 |
| 2015-16 | 2-1-1(3) | 770 | അരുൺ യോഹന്നാൻ | 117060101850 തീയതി 10.05.17 |

| | | | | |
|---|---|---|---|---|
| 2015-16 | 2-2-(2) | 1000 | റെജി സി ഡി | 11706011306 തീയതി 27.03.18 |
| ആകെ | | 175770 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | പ്രത്യേക അവലോകനം | 2011-12 | 3-1 | കൃഷിഭവനകളുടെ ഭൗതിക സൗകര്യ വികസനം | നിയസഭാ സമിതിയുടെ തെളിവെടുപ്പ് കഴിഞ്ഞു. തൽസ്ഥിതി വിവരപത്രിക സമർപ്പിച്ചിട്ടുണ്ട് |
| 2013-14 | പ്രവർത്തനാവലോകനം | 2013-14 | 5.3.5.6 | ചെറുകിട പരമ്പരാഗത വ്യവസായങ്ങൾ പരിപോഷിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രാധാന്യം നൽകുന്നില്ല. | നിയസഭാ സമിതിയുടെ തെളിവെടുപ്പ് കഴിഞ്ഞിട്ടില്ല. |
| 2002-03 | പൊതു അവലോകനം | 2006-07 | 3.39.4.4 | ഡെപ്പോസിറ്റ് വർക്ക് (KWA)- പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല | പഞ്ചായത്ത് നൽകിയ മറുപടി നിയമസഭാ സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. |
| 2002-03 | പൊതു അവലോകനം | 2006-07 | 3.39.4.5 | ഡെപ്പോസിറ്റ് വർക്ക് (KSEB)- പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല | പഞ്ചായത്ത് നൽകിയ മറുപടി നിയമസഭാ സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. |
| 2015-16 | തൊഴിൽ നികുതി പ്രത്യേക അവലോകനം | 2016-17 | 2.3 | തൊഴിൽ നികുതി ഈടാക്കിയതിലെ കുറവ് | ന്യൂനതാ പരിഹാര പത്രിക സമർപ്പിച്ചു |

## 4-8 ചാർജ്ജ് -സർചാർജ്ജ് നടപടികളുടെ വിവരം

ചാർജ്ജ് -സർചാർജ്ജ് നടപടികളിലൂടെ തുകയൊന്നും ഈടാക്കിയിട്ടില്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 89801713.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 93790103.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 49110.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 47710.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1706375.00 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-2 | 36010 | - | സീന പി.വി, സെക്രട്ടറി |
| | 13100 | - | ജയകുമാരി എം.ആർ, സെക്രട്ടറി |
| ആകെ | 49110 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 911435 | സീന പി വി, സെക്രട്ടറി |
| | 470440 | സുധർലാൽ എൻ എസ്., സെക്രട്ടറി ഇൻ ചാർജ് |
| 3-4 | 9500 | സിന്ധു വി, സെക്രട്ടറി |
| 3-6 | 315000 | ഡോ. അഞ്ജു എയ്ഞ്ചൽ അലക്സ്, മെഡിക്കൽ ഓഫീസർ,പി.എച്ച്.സി |
| ആകെ | 1706375 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥ |
|---|---|---|
| 3-1 | 24,760 | സുധർലാൽ എൻ.എസ് |
| 3-3 | 22,950 | ജയകുമാരി എം.ആർ |
| | 47,710 | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേര് | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സീന പി വി , സെക്രട്ടറി | സെക്രട്ടറി<br>ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്ത് | പഴമാത്തിൽ വീട്, പള്ളുരുത്തി പി.ഒ,<br>കൊച്ചി-682006 |
| ജയകുമാരി എം.ആർ,<br>സെക്രട്ടറി | വിരമിച്ചു | ശ്രീവൽസം,<br>മഞ്ഞുമ്മൽ പി.ഒ,<br>ഉദ്യോഗമണ്ഡൽ-683501 |
| ഡോ. അഞ്ജു എയ്ഞ്ചൽ അലക്സ്,<br>മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി | മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി എടത്തല | ജെ.കെ.എസ് 96,<br>പ്ലെ ഗ്രൗണ്ട് റോഡ്, പോലീസ് സ്റ്റേഷന് സമീപം, എളമക്കര |
| സുധർലാൽ എൻ എസ്.,<br>സെക്രട്ടറി ഇൻ ചാർജ് | സെക്രട്ടറി<br>മുടക്കുഴ ഗ്രാമപഞ്ചായത്ത് | നികത്തിൽ വീട്,<br>കുറിച്ചിലക്കോട് പി ഒ,<br>കോടനാട്, പെരുമ്പാവൂർ |
| സിന്ധു വി.<br>സെക്രട്ടറി | സെക്രട്ടറി<br>രാമമംഗലം ഗ്രാമപഞ്ചായത്ത് | ഫ്ലാറ്റ് നം. ബി-4<br>ഡയമണ്ട് ടവർ,<br>പെരുമാനൂർ, തേവര,<br>എറണാകുളം. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(i)/18, 09.08.18/10.10.18 |
| 1997-98 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(ii)/18, 09.08.18/10.10.18 |

| | |
|---|---|
| 1998-99 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(iii)/18, 09.08.18/10.10.18 |
| 1999-00 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(iv)/18, 09.08.18/10.10.18 |
| 2000-01 | എൽ.എഫ്.ഇ.(പി.5)1997/11, 30.03.12 |
| 2001-02 (Non Plan വരവ് ചെലവ്) | എൽ.എഫ്.ഇ.(പി.5)1009/10, 26.04.11 |
| 2001-02 Plan | എൽ.എഫ്.ഇ.(പി.5)1010/10, 24.07.12 |
| 2002-03ചെലവ് | എൽ.എഫ്.ഇ.(പി.5)228/11, 03.05.12 |
| 2003-04 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(v)/18, 09.08.18/10.10.18 |
| 2004-05 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(vi)/18, 09.08.18/10.10.18 |
| 2005-06 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(vii)/18, 09.08.18/10.10.18 |
| 2006-07 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(viii)/18, 09.08.18/10.10.18 |
| 2007-08 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(ix)/18, 09.08.18/10.10.18 |
| 2008-09 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(x)/18, 09.08.18/10.10.18 |
| 2009-10 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(xi)/18, 09.08.18/10.10.18 |
| 2010-11 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(xii)/18, 09.08.18/10.10.18 |
| 2011-12 | കെ.എസ്.എ.-ഇ.കെ.എം.(പി5)1093/16, 01.02.17 |
| 2012-13 | എൽ.എഫ്.ഇ.(പി.5)163/15, 06.06.15 |
| 2013-14 &14-15 | കെ.എസ്.എ.ഇ.കെ.എം.(പി.5)1186/16, 06.03.17 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം.(പി.5)778/17, 24.07.18 |
| 2016-17 | കെ.എസ്.എ.-ഇ.കെ.എം.(പി10)1502/17, 18.07.18 |

.

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ല.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.ഇ.കെ.എം.(പി5)2205 /18

സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം ജില്ല
സിവിൽസ്റ്റേഷൻ, കാക്കനാട്.
തീയതി.15/12/2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും എടത്തല ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ

.

<u>2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.</u>

1. വസ്തുനികുതി സംബന്ധിച്ച വാർഷിക ധനകാര്യപത്രികയിലെ കണക്കുകൾ സഞ്ചയ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. മൂന്ന് മാസത്തിലധികമായി പണമാക്കി മാറാത്ത ചെക്കുകൾ 'Liability in respect of Stale Cheques' എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. എടത്തല സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിലെ 1829-ാം നമ്പർ അക്കൗണ്ടിന്റെ നീക്കിയിരിപ്പിൽ 1080/- രൂപ 31.03.2018 ന് വരവ് വന്നത് കണക്കിലെടുത്തിട്ടില്ല.

5. Joint Venture പ്രോജക്ടുകളുടെ വരവ്-ചെലവ് വിവരങ്ങൾ അക്കൗണ്ട്സിൽ ഉൾപ്പെട്ടിട്ടില്ല.

.

ഡെപ്യൂട്ടി ഡയറക്ടർ